പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 181 12-09-07 -ൽ മറുപടിക്ക്.

## ലഹരി പദാർത്ഥങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>പ്രൊഫ. കെ. വി. തോമസ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും എതിരെ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് എൻഫോഴ്സ്മെൻറ് ആൻറ് ആൻറി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളുടെ നേതൃത്വത്തിൽ കുറ്റക്കാരുടെ പേരിൽ കേസുകൾ എടുക്കുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനുമായി നിരന്തരമായ റെയ്ഡുകളും രഹസ്യ അന്വേഷണങ്ങളും നടത്തുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 160 എൻ.ഡി.പി.എസ്. കേസുകൾ എടുക്കുകയും 167 പേരെ പ്രതികളാക്കുകയും, 160 പേരെ അറസ്റ്റു ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) ലഹരി വസ്തുക്കൾക്കെതിരെയുള്ള ബോധവൽക്കരണത്തിന് എന്തെല്ലാം നടപടികളാണെടുത്തിട്ടുള്ളത്; | (ബി) സ്കൂളുകൾ, കോളേജുകൾ, സന്നദ്ധ സാമൂഹ്യ സംഘടനകൾ, ലഹരി വിരുദ്ധ സംഘടനകൾ, മഹിളാ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ പ്രവർത്തനങ്ങളായ ചർച്ചാ ക്ലാസുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ നടത്തി വരുന്നു. ജില്ലാ തലങ്ങളിൽ ആസൂത്രിതമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിൻെറ ഭാഗമായി നിലവിലുണ്ടായിരുന്ന സംസ്ഥാനതല, ജില്ലാതല ജനകീയ കമ്മിറ്റികൾ പുന:സംഘടിപ്പിക്കുകയുണ്ടായി. അതിനു പുറമെ നിയോജക മണ്ഡല അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എം.എൽ.എ. മാർ ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളിൽ ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, ഗ്രാമ പഞ്ചായത്ത് പ്രസിഡൻറുമാർ, മേയർ/മുനിസിപ്പൽ ചെയർമാൻ, റവന്യൂ, പോലീസ്, ഫോറസ്റ്റ് , വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, ഗ്രാമ വികസനം എന്നീ വകുപ്പുകളുടെ ജില്ലാ/താലൂക്ക്തല ഉദ്യോഗസ്ഥൻമാർ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ യുവജന സംഘടനാ പ്രതിനിധികൾ, സർക്കാരിതര സംഘടനകളിലെ അംഗങ്ങൾ തുടങ്ങിയവർ അംഗങ്ങളും പ്രദേശത്തെ ഭരണച്ചുമതലയുള്ള എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കൺവീനറുമാണ്. ഈ കമ്മിറ്റികൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ |

നടത്തി വരുന്നു. ഇതുകൂടാതെ സ്കൂൾ, കോളേജ് തലത്തിൽ പഠന ക്ലാസുകളും, ചിത്രരചന, ഉപന്യാസ മത്സരങ്ങൾ, സിനിമാ പ്രദർശനം എന്നിവയും സംഘടിപ്പിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി മയക്കു മരുന്നിനെതിരെ ജനങ്ങളിലും വിദ്യാർത്ഥികൾക്കിടയിലും അവബോധം ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ പൂർണ്ണ സഹകരണത്തോടെ ഫലപ്രദമായ പ്രവർത്തനം സംഘടിപ്പിക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ഇവ ഫലപ്രദമാണെന്നു കരുതുന്നുണ്ടോ? | (സി) | ഒരു പരിധി വരെ ഈ പ്രവർത്തനങ്ങൾ ഫലപ്രദമാണ്. |

(signature)

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 182 — 12-09-07 -ൽ മറുപടിക്ക്.

## ആവണീശ്വരം മദ്യദുരന്തം

| ചോദ്യം: | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി. കെ. അബ്ദുറബ്ബ് | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ആവണീശ്വരം മദ്യദുരന്ത കാരണമെന്താണ്; | (എ) | അമിത മദ്യപാനം മൂലമാണെന്ന് അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. |
| (ബി) | ഈ ദുരന്തം ലൈസൻസുള്ള മദ്യഷാപ്പിൽ നിന്നും മദ്യം കഴിച്ചവർക്കാണ് ഉണ്ടായിട്ടുള്ളതെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ദുരന്ത സ്ഥലത്ത് നിന്നും അന്വേഷണത്തിനായി എടുത്ത മദ്യത്തിന്റെ സാമ്പിളുകളിൽ തിരിമറി നടത്തിയതായി പറയുന്ന ആരോപണം അന്വേഷിക്കുമോ; | (സി) | ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സമ്പൂർണ്ണ മദ്യനിരോധനം പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | മദ്യനിരോധനം പ്രായോഗികമല്ലെന്നാണ് ഗവണ്മെന്റ് അംഗീകരിച്ചിട്ടുള്ള നയം. മദ്യവർജ്ജനമാണ് ഗവണ്മെന്റ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ–183 12/9/2007–ൽ മറുപടിയ്ക്ക്.

## തടവുകാർക്ക് ശിക്ഷാ ഇളവ്

ചോദ്യം


ശ്രീ. ആനത്തലവട്ടം ആനന്ദൻ:
ശ്രീമതി കെ.കെ.ലതിക:
ശ്രീ.മുരളി പെരുനെല്ലി:
ശ്രീ.രാജു എബ്രഹാം:
ശ്രീ. മഞ്ഞളാംകുഴി അലി:

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). ഈ സർക്കാർ അധികാരമേറ്റ ശേഷം തടവിൽ കഴിയുന്ന എത്രപേരെ ശിക്ഷാ ഇളവു നൽകി വിട്ടയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ). 1590 തടവുകാർ |
| (ബി). ജയിൽ ഉപദേശകസമിതി എത്രപേരെ വിട്ടയയ്ക്കുവാനാണ് ശുപാർശ ചെയ്തത്; | (ബി). 74 പേരെ |
| (സി). വിട്ടയച്ചവരിൽ എത്രവർഷംവരെ ശിക്ഷ അനുഭവിച്ചവർ ഉണ്ട്; | (സി). വിട്ടയച്ചവരിൽ 21 വർഷം 9 മാസം 13 ദിവസം വരെ ശിക്ഷ അനുഭവിച്ചവർ ഉണ്ട്. |
| (ഡി). ശിക്ഷ ഇളവു ചെയ്യുന്നതിനുള്ള മാനദണ്ഡം എന്തായിരുന്നു; തടവുകാരുടെ പരോൾ വ്യവസ്ഥകൾ ഉദാരമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ഡി). കേരള ജയിൽ ചട്ടങ്ങൾ 543 പ്രകാരം, യഥാർത്ഥ ശിക്ഷ 14 വർഷം പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരുടേയും , മൂന്നിൽ രണ്ടുഭാഗം ശിക്ഷ അനുഭവിച്ച ദീർഘകാല /ഹ്രസ്വകാല തടവുകാരുടേയും കേസുകൾ പരിശോധിച്ചാണ് അവരുടെ മോചനത്തിനായി ജയിൽ ഉപദേശകസമിതി ശുപാർശ ചെയ്യുന്നത്. കൂടാതെ ചട്ടം 538, 539 അനുസരിച്ച് മരണം ഉറപ്പായ രോഗികളായ തടവുകാർക്ക് ശിക്ഷ ഇളവുചെയ്തിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ 50–ാം വാർഷികത്തോടനുബന്ധിച്ച് 8/6/2007 ലെ ജി.ഒ.(എം.എസ്) നമ്പർ 127/07/ആഭ്യന്തരം എന്ന ഉത്തരവുപ്രകാരം തടവുകാർക്ക് താഴെ പറയുംപ്രകാരം ശിക്ഷയിളവു പ്രഖ്യാപിച്ചു.<br><br>ശിക്ഷയുടെ കാലാവധി — ശിക്ഷയിളവ്<br>1. 6 മാസത്തിനും 1 വർഷത്തിനുമിടയ്ക്ക് ശിക്ഷ അനുഭവിക്കുന്നവർ — 2 മാസം |

| | |
|---|---|
| | 2. 1 വർഷത്തിനും<br>2 വർഷത്തിനും ഇടയ്ക്ക് ശിക്ഷ<br>അനുഭവിക്കുന്നവർ 3 മാസം<br>3. 2 വർഷത്തിനും 5 വർഷ<br>ത്തിനും ഇടയ്ക്ക് ശിക്ഷ 4 മാസം<br>അനുഭവിക്കുന്നവർ<br>4. 5 വർഷത്തിനും 10 വർഷ<br>ത്തിനും ഇടയ്ക്ക് ശിക്ഷ 5 മാസം<br>അനുഭവിക്കുന്നവർ<br>5. 10 വർഷത്തിനു മുകളിൽ<br>ശിക്ഷ അനുഭവിക്കുന്നവർ 6 മാസം<br>6. ജീവപര്യന്തക്കാർ 2 വർഷം<br><br>പരോൾ ഉദാരമാക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഇ). പേരക്കുട്ടികളുടെ വിവാഹത്തിനും പരോൾ അനുവദിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ? | (ഇ ). പരിശോധനയിലാണ്. |



സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *184.

12.9.2007 ൽ മറുപടിക്ക്

## കാർഷിക വില നിർണ്ണയ കമ്മീഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എം. മാണി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കാർഷിക വിളകൾക്ക് ന്യായവില ലഭിക്കുന്നതിനും വിലത്തകർച്ച നേരിടുന്നതിനും വേണ്ടി സംസ്ഥാനത്ത് ഒരു കമ്മീഷനെ രൂപീകരിക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ; | (എ) കാർഷിക ഉൽപന്നങ്ങൾക്ക് വില സ്ഥിരത ഉറപ്പുവരുത്തുക, വിലയിടിവ് നിയന്ത്രിക്കുക, തറവില പ്രഖ്യാപിക്കുക, അത്യാവശ്യഘട്ടങ്ങളിൽ വിപണിയിൽ ഇടപെടുക തുടങ്ങിയ വിഷയങ്ങളിൽ സർക്കാരിന് വേണ്ട ഉപദേശം നൽകാൻ കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്. കാർഷിക വിപണിയിൽ ഇടപെട്ട് ന്യായവില ഉറപ്പുവരുത്തുന്നതിനും കുത്തകകളെ നിയന്ത്രിക്കുന്നതിനുമായി ഒരു കാർഷിക വിപണി നിയന്ത്രണ നിയമം കൊണ്ടുവരുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) ഇതിലേക്ക് 2006-07, 2007-08 ബഡ്ജറ്റുകളിൽ എത്ര തുകകൾ വകയിരുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | (ബി) കാർഷിക വിലനിർണ്ണയ കമ്മീഷൻ രൂപീകരണത്തിനായി തുക വകയിരുത്തി യിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 185

12-09-07 ൽ മറുപടിക്ക്

## എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.കെ.പുരുഷോത്തമൻ :<br>ശ്രീ. വി.ചെന്താമരാക്ഷൻ :<br>ശ്രീ. കെ.കെ.ജയചന്ദ്രൻ :<br>ശ്രീ. പി.വിശ്വൻ :<br>ശ്രീ. വി.എൻ.വാസവൻ | ശ്രീ. പി.കെ.ഗുരുദാസൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് ; പരിശീലനത്തിനുള്ള പാഠ്യപദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | എ) എക്സൈസ് ഉദ്യോഗസ്ഥരുടെ പരിശീലനത്തിനായി സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്റർ എന്ന സ്ഥാപനം തുടങ്ങിയിട്ടുണ്ട്. എന്നാൽ കെട്ടിടം സജ്ജമാകാത്തതിനാൽ ഇവിടെ പരിശീലനം തുടങ്ങിയിട്ടില്ല. പകരം തൃശ്ശൂരിൽ തന്നെയുള്ള 'കേരള പോലീസ് അക്കാദമിയിൽ' ഇവർക്ക് പരിശീലനം നൽകിവരുന്നു. ഫിസിക്കൽ ട്രെയിനിംഗും എക്സൈസ് നിയമ വിഷയങ്ങളിലുള്ള പഠനവുമാണ് നൽകി വരുന്നത്. ഇതുവരെ 1018 എക്സൈസ് ഗാർഡുമാർക്കും 50 പ്രിവന്റീവ് ഓഫീസർമാർക്കും പരിശീലനം നൽകി കഴിഞ്ഞു. ഇതുകൂടാതെ 9 ബാച്ചുകളിലായി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ എന്നീ വിഭാഗത്തിൽപ്പെട്ട 308 എക്സൈസ് ഓഫീസർമാർക്ക് പിസ്റ്റൾ ട്രെയിനിംഗും നൽകികഴിഞ്ഞു. |

---

| | |
|---|---|
| | എക്സൈസ് ഗാർഡുമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടേയും അടുത്ത ബാച്ച് ട്രെയിനിംഗ് 12-09-2007-ൽ കേരള പോലീസ് അക്കാദമിയിൽ ആരംഭിക്കുകയാണ്. ട്രെയിനിംഗ് സംബന്ധിച്ച സിലബസ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) എക്സൈസ് ഗാർഡുകൾക്കും ഓഫീസർമാർക്കും സായുധപരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | ബി) എക്സൈസ് ഓഫീസർമാർക്ക് 9 ബാച്ചുകളിലായി തൃശ്ശൂർ പോലീസ് അക്കാദമിയിൽ ആയുധ പരിശീലനം ഇതിനകം നൽകിക്കഴിഞ്ഞു. പിസ്റ്റൾ ട്രെയിനിംഗാണ് നൽകിയത്. എക്സൈസ് ഡിപ്പാർട്ട്മെന്റിൽ റൈഫിൾ ഉപയോഗത്തിൽ ഇല്ലാത്തതിനാൽ റൈഫിൾ ട്രെയിനിംഗ് നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

Attachment to: SEA 396/07 dated 06-09-2007

## Syllabus for Training of Excise Guards and Preventive Officers

**Sl.No.** **Subjects**

1. The Kerala Abkari Act & Rules
2. N.D.P.S Act & Rules
3. Kerala Distillery & Warehouse Rules & Brewery Rules
4. M&TP Act and Rules
5. Rules under Abkari Act
6. Collection of Intelligence
7. Excise Manual

**Other Subjects**

1. CrPc (Up to Section 100)
2. Evidence Act
3. K.S.R
4. Indian Penal Code
5. Consumer Protection Act
6. Govt.Servants Conduct Rules
7. Human Rights with Special Emphasis on Woman and Children
8. M.O.P
9. Team Work
10. Treasury Code
11. Traffic Rules
12. Right to Information Act
13. Computer learning (M.S.office)
14. Swimming
15. Awareness on other Departments
16. General Knowledge on Kerala
17. Behavior towards Public
18. Ethics and Good manners
19. Behavior towards officials
20. Discipline
21. Communication
22. Stress Management
23. Identification
24. Indian National Tradition
25. National Anthem & Flag

Principal. 6/9/2007

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 186 — 12-09-2007 ന് മറുപടിക്ക്

വനിതാ പോലീസ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീമതി കെ.കെ. ലതിക<br>ശ്രീമതി. കെ.എസ്. സലീഖ<br>ശ്രീമതി. ജെ. അരുന്ധതി | ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) കേരള പോലീസ് സർവ്വീസിൽ എത്ര വനിതാ പോലീസുകാരുണ്ട്; ഇവരുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) കേരള പോലീസ് സർവ്വീസിൽ ഹെഡ് കോൺസ്റ്റബിൾ, കോൺസ്റ്റബിൾ റാങ്കിൽ വനിതകളുടെ 2647 തസ്തികകളുണ്ട്. ഇവയുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരുടെ സേവനം ലഭ്യമാണോ; | (ബി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുകാരുടെ സേവനം ലഭ്യമാണ്. |
| (സി) എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഡസ്ക് ആരംഭിക്കുമോ; | (സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ കൺട്രോൾ റൂമുകൾ ആരംഭിക്കുമോ; | (ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) വനിതാ പോലീസുകാർക്കായി പ്രത്യേക പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഇ) വനിതാ പോലീസുകാർക്കായി പ്രത്യേക പരിശീലന പരിപാടി ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം : 187 — 12.09.2007 ൽ മറുപടിക്ക്.

## ഫയർ ഫോഴ്സിന്റെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എ. സി. മൊയ്തീൻ<br>ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എം. ഹംസ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) കേരള ഫയർ ഫോഴ്സ് സുസജ്ജവും സുശക്തവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | : (എ) കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകി, അവരെ കൂടുതൽ പ്രവർത്തന സജ്ജരാക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ വിയ്യൂരിൽ 620 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ട്രെയിനിംഗ് അക്കാഡമി 04.06.2007-ൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആധുനിക രക്ഷാ ഉപകരണമായ 50 ചെയിൻ സാകൾ 24.75 ലക്ഷം രൂപ ചെലവിൽ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |

(Ctnd……….2/-)

| | |
|---|---|
| (ബി) ഫയർ ഫോഴ്സ് ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | : (ബി) കേരള ഫയർ ഫോഴ്സ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി അടുത്ത നാലുവർഷത്തിനകം വാങ്ങുവാൻ ഉദ്ദേശിക്കുന്ന ആധുനിക ഉപകരണങ്ങൾക്കും വാഹനങ്ങൾക്കുമായി 92.39 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് അനുമതി ലഭ്യമാക്കി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നു. |
| (സി) സംസ്ഥാന ഫയർ ഫോഴ്സ് റൂൾസ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ; | : (സി) ഉണ്ട്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് കരട് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) ഫയർ ഫോഴ്സിൽ എത്ര ഫയർമെൻ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | : (ഡി) 1048. പ്രസ്തുത ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. 972 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉപദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറൽ കൈക്കൊണ്ടുവരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :188

12 9 2007-ൽ മറുപടിയ്ക്ക്

ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ശുചിത്വപരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ :<br>ശ്രീ. കെ.വി.അബ്ദുൽ ഖാദർ:<br>ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. കെ.കുഞ്ഞഹമ്മദ് മാസ്റ്റർ :<br>ശ്രീ.കെ.സി.രാജഗോപാലൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പാക്കുന്നതിനും മാലിന്യ നിർമ്മാർജ്ജനത്തിനുമായി പ്രത്യേക പരിഗണന നൽകുന്നുണ്ടോ ; | (എ) & (ബി) | ഉണ്ട്. കുടുംബശ്രീ മുഖേനെ എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ കോവളം, മൂന്നാർ എന്നീ കേന്ദ്രങ്ങളിൽ പഞ്ചായത്തുമായി സഹകരിച്ച് സമഗ്ര പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | എങ്കിൽ കുടുംബശ്രീയുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുമോ ; | | |
| (സി) | ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിനുള്ള പദ്ധതി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടപ്പാക്കുമോ ; | (സി) | ആറു പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ കുടുംബശ്രീയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി സഹകരിച്ച് സമഗ്ര മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി അവയെ സീറോ വേസ്റ്റ് ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് ഇത്തരം പദ്ധതി മറ്റ് എല്ലാ പ്രധാന ടൂറിസം |

കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| (ഡി) ഏറ്റവും നല്ല രീതിയിൽ ശുചിത്വ പരിപാലനം നടത്തുന്ന ടൂറിസ്റ്റ് കേന്ദ്രത്തിന് അവാർഡ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) ഏറ്റവും നല്ല രീതിയിൽ ശുചിത്വ പരിപാലനം നടത്തുന്ന കുടുംബശ്രീ യൂണിറ്റിന് 2005-06 മുതൽ ഒരു സ്പെഷ്യൽ അവാർഡ് നൽകുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 189

12.9.2007 ൽ മറുപടിക്ക്

" പോലീസ് വകുപ്പിലെ ക്രമസമാധാന വിഭാഗം "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. മുരളി :<br>ശ്രീ.ജോർജ്ജ് മേഴ്സിയർ :<br>ശ്രീ. അടൂർ പ്രകാശ് : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ)പോലീസ് വകുപ്പിലെ ക്രമസമാധാന വിഭാഗം അധോലോകത്തിന്റെ നിയന്ത്രണത്തിലാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ടോ ; | (എ) പോലീസ് വകുപ്പിലെ ക്രമസമാധാന വിഭാഗത്തെ മൊത്തത്തിൽ പരാമർശിക്കുന്ന തരത്തിലുള്ള നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഇപ്രകാരം നിരീക്ഷിക്കുവാനുള്ള സാഹചര്യമെന്ത് ; | (ബി) & (സി) ഉത്തരം ' എ ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (സി)ഈ നിരീക്ഷണത്തെ തുടർന്ന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കുമോ ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 190

12.09.2007 -ൽ മറുപടിയ്ക്ക്

## നാളികേരത്തിൽ നിന്നും കരിക്കിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഇളനീരിന്റെ ഉപഭോഗം വളരെയധികം വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ , | എ) ഉണ്ട് |
| ബി) വ്യാവസായികാടിസ്ഥാനത്തിൽ ഇളനീർ ഉല്പാദിപ്പിക്കുന്നതിനായി കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | ബി) നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ കരിക്കിൻവെള്ളം സംസ്ക്കരിച്ച് ശീതളപാനീയമായി വിപണനം ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. ചെറുകിട തൊഴിൽ സംരംഭകർക്ക് ഇളനീർ വിപണനം നടത്തുന്നതിനായി ഇളനീർ പാർലറുകൾക്കായി 2006-07 സാമ്പത്തിക വർഷം പ്രോത്സാഹനം എന്ന നിലയിൽ ധന സഹായം അനുവദിച്ചിരുന്നു. |
| സി) ഗുണമേന്മയുള്ള ഇളനീർ കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | സി) ഇളനീർ സംസ്ക്കരിച്ച് ശീതളപാനീയമായി വിപണനം നടത്തുന്നതിന് പ്രോത്സാഹനം നൽകുന്നതാണ്. |
| ഡി) നാളികേരത്തിൽ നിന്നും കരിക്കിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിന് | ഡി) നാളികേരത്തിൽ നിന്നും കരിക്കിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിന് ആവശ്യമായ ഗവേഷണപ്രവർത്തനങ്ങൾ കേന്ദ്ര തോട്ട |

| | |
|---|---|
| ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ ? | വിള ഗവേഷണ കേന്ദ്രം, കേരവികസന ബോർഡ്, കയർബോർഡ്, കാർഷിക സർവ്വകലാശാല തുടങ്ങിയ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 191 — 12.9.2007 ൽ മറുപടിക്ക്

## ടെണ്ടറുകളിൽ അധിക തുക അനുവദിക്കുന്നതിന് എഞ്ചിനീയർമാർക്കുള്ള അധികാരം

**ചോദ്യം**

ശ്രീ. കെ. ടി. അബ്ദുൾ ഖാദർ :
ശ്രീ. സി. എം. ദിനേശ്മണി
ശ്രീ. എ.എം. ആരിഫ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. ദിവാകരൻ :

**ഉത്തരം**

ശ്രീ. വി. എസ്. അച്യുതാനന്ദൻ
മുഖ്യമന്ത്രി

(എ) പൊതുമരാമത്തു പ്രവൃത്തികളിൽ കരാറുകാർക്ക് എസ്റ്റിമേറ്റിനേക്കാൾ അധിക തുക നൽകുവാൻ പൊതുമരാമത്തു എഞ്ചിനീയർമാർക്ക് അധികാരമുണ്ടോ ;

(എ) ഉണ്ട്.

(ബി) ഏതൊക്കെ തലത്തിലുമുള്ള എഞ്ചിനീയർമാർക്കും എത്ര ശതമാനം വർദ്ധനവ് നൽകുവാൻ അധികാരം ഉണ്ട്; ഈ അധികാരം എടുത്തു കളഞ്ഞു ഉത്തരവാ യിട്ടുണ്ടോ;

(ബി) 11.7.2007 ലെ സർക്കാർ ഉത്തരവ് (പി) നം. 303/2007/ഫിൻ. പ്രകാരം വിവിധ തലത്തിലുള്ള എഞ്ചിനീയർമാർക്ക് പൊതുമരാമത്ത് പ്രവർത്തികളിൽ അനുവദിച്ചു നൽകിയിട്ടുള്ള തുകയേക്കാൾ താഴെ പറയുന്ന പ്രകാരം അധിക തുകയ്ക്ക് ടെണ്ടർ സ്വീകരിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്.

| | CE | SE | EE |
|---|---|---|---|
| (i) എസ്റ്റിമേറ്റ് തുകയെ അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതികാനുമതി 15 ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾക്ക് | 15% | 10% | 5% |
| (ii) എസ്റ്റിമേറ്റ് തുകയെ അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതികാനുമതി 15 ലക്ഷത്തിന് മുകളിൽ 100 ലക്ഷം വരെ | 10% | 5% | ഇല്ല |
| (iii) എസ്റ്റിമേറ്റ് തുകയെ അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതികാനുമതി ഒരു കോടിയ്ക്ക് മുകളിൽ | 5% | ഇല്ല | ഇല്ല |

എഞ്ചിനീയർമാർക്ക് നൽകിയിട്ടുള്ള ഈ അധികാരം എടുത്തുകളഞ്ഞുകൊണ്ട് ഉത്തരവ് ഒന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഇതു സംബന്ധിച്ച് മുൻപത്തെ ഉണ്ടായിരുന്ന അധികാരവും ഇപ്പോൾ നൽകിയിട്ടുള്ള അധികാരവും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; ഈ നടപടികൾമൂലം ഉദ്യോഗസ്ഥ തലത്തിലുള്ള അഴിമതി ഇല്ലാതാകുവാൻ കഴിയുമോ ?

(ഡി) 5.3.96 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 105/96/ഫിൻ അനുസരിച്ച് 2004 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയെക്കാൾ താഴെ പറയുന്ന പ്രകാരം അധിക തുകയ്ക്ക് ടെണ്ടർ സ്വീകരിക്കുന്നതിന് വിവിധ തലത്തിലുള്ള എഞ്ചിനീയർമാർക്ക് അധികാരം നൽകിയിരുന്നു.

| | CE | SE | EE |
|---|---|---|---|
| (i) 15 ലക്ഷം വരെയുള്ള എസ്റ്റിമേറ്റ് തുക | 25% | 20% | 15% |
| (ii) 15 ലക്ഷത്തിനു മുകളിൽ 100 ലക്ഷം രൂപ വരെയുള്ള എസ്റ്റിമേറ്റ് തുക | 20% | 15% | ഇല്ല |
| (iii) 100 ലക്ഷത്തിനു മുകളിലുള്ള എസ്റ്റിമേറ്റ് തുക | 20% | ഇല്ല | ഇല്ല |

പൊതുമരാമത്ത് വകുപ്പിലെ 1.4.2007 മുതൽ നിലവിൽ വന്ന പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് (എസ്.ഒ.ആർ 2007), പ്രസ്തുത അധികാരം 11.7.2007 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 303/07/ഫിൻ പ്രകാരം താഴെ പറയും പ്രകാരം പുനർ ക്രമീകരിച്ചിട്ടുണ്ട്.

| | CE | SE | EE |
|---|---|---|---|
| (i) എസ്റ്റിമേറ്റ് തുകയെ അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതികാനുമതി 15 ലക്ഷം രൂപ വരെയുള്ള തുകയ്ക്ക് | 15% | 10% | 5% |
| (ii) എസ്റ്റിമേറ്റ് തുകയെ അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതികാനുമതി 15 ലക്ഷത്തിന് മുകളിൽ 100 ലക്ഷം വരെ | 10% | 5% | ഇല്ല |
| (iii) എസ്റ്റിമേറ്റ് തുകയെ അടിസ്ഥാനപ്പെടുത്തിയുള്ള സാങ്കേതികാനുമതി ഒരു കോടിയ്ക്ക് മുകളിൽ | 5% | ഇല്ല | ഇല്ല |

പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അനുഭവത്തിന്റെ വെളിച്ചത്തിൽ ഇതെപ്പറ്റി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 192

12.09.2007 -ൽ മറുപടിയ്ക്ക്

## ഹോർട്ടികൾച്ചർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി വിപണന ശൃംഖല

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. അടൂർ പ്രകാശ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഹോർട്ടികൾച്ചർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഒരു പച്ചക്കറി വിപണന ശൃംഖല ഉണ്ടാക്കാൻ പരിപാടിയുണ്ടോ ; | എ) ഉണ്ട്. സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന വിപണന ശൃംഖല കൂടുതൽ ശക്തമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. |
| ബി) എങ്കിൽ ഈ വർഷം ഇതുവരെ എവിടെയെല്ലാം വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ചു ; | ബി) മേഖലാ-ഉപമേഖലാ കേന്ദ്രങ്ങളും അതിനോടനുബന്ധിച്ച് വിപണന സ്റ്റാളുകളും തുടങ്ങിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ കൊല്ലം മേഖലാ വിപണന കേന്ദ്രത്തിന് കീഴിൽ കൊട്ടാരക്കര, ഭരണിക്കാവ്, പുനലൂർ, കരുനാഗപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലും തിരുവനന്തപുരം ജില്ലയിൽ മേഖലാ വിപണന കേന്ദ്രത്തിന് കീഴിൽ വർക്കല, കാര്യവട്ടം തുടങ്ങിയ സ്ഥലങ്ങളിലും കണ്ണൂർ ജില്ലയിൽ കണ്ണൂർ ടൗണിലും ഇത്തരത്തിലുള്ള വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോട്ടയം ജില്ലയിൽ വൈക്കത്തും തൃശൂർ ജില്ലയിൽ ഗുരുവായൂരും ഇത്തരത്തിലുള്ള മേഖല വിപണന |

---

കേന്ദ്രങ്ങളുടെ പ്രവർത്തനം ഉടൻ തുടങ്ങുന്നതാണ്. ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ ജില്ലകളിലായി 294 ചില്ലറ വിപണന സ്റ്റാളുകളും പ്രവർത്തിക്കുന്നു.

| | |
|---|---|
| (സി) ഈ വർഷം എവിടെയെല്ലാം വെജിറ്റബിൾ സൂപ്പർമാർക്കറ്റുകളാരംഭിക്കാൻ പരിപാടിയുണ്ട് എന്നറിയിക്കുമോ? | (സി) എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു സൂപ്പർ മാർക്കറ്റ് തുടങ്ങാൻ ലക്ഷ്യമിട്ടിട്ടുണ്ട് ഇതിന്റെ ഭാഗമായി 20 നിയോജകമണ്ഡലങ്ങളിൽ ഈ വർഷം സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *193 | 12.09.2007 ൽ മറുപടിക്ക്

## മലബാർ മേഖലയിലെ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.പി.കൃഷ്ണപ്രസാദ് | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| എ) മലബാർ മേഖലയിലെ ഏതെല്ലാം ടൂറിസം പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു വിശദാംശം വെളിപ്പെടുത്തുമോ;<br>ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ടൂറിസം വികസനത്തിനായി പദ്ധതി നടപ്പാക്കി വരുന്നത്; | എ)&ബി) മലബാർ മേഖലയിലെ ടൂറിസം പ്രാധാന്യമുള്ള എല്ലാ കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന് നടപടികൾ കൈക്കൊണ്ടു വരുന്നു. 19 പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട് (വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്) കൂടാതെ, പുതിയ പദ്ധതികൾ കേന്ദ്രാനുമതിയ്ക്കായി സമർപ്പിച്ചിട്ടുമുണ്ട്. |
| സി) ഈ മേഖലയിലെ സംരംഭകർക്ക് നൽകിവരുന്ന സബ്സിഡി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ; | സി) ഈ മേഖലയിൽ സ്വകാര്യ സംരംഭകർ മുഖേന നടത്തിവരുന്ന അംഗീകാരമുള്ള യൂണിറ്റുകൾക്ക് സബ്സിഡി ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| ഡി) ബേക്കൽ, മുഴപ്പിലങ്ങാടി, ബേപ്പൂർ എന്നിവിടങ്ങളിൽ പദ്ധതികളുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഡി) കാസർകോട് ജില്ലയിലെ ബേക്കലിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾക്ക് കേന്ദ്രാനുമതി നൽകിയിട്ടുണ്ട്. അവയുടെ നടത്തിപ്പ് വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.<br><br>**ബേക്കൽ**<br>1. ഇലക്ട്രിക്കൽ സംവിധാനം (ഒന്നാം ഘട്ടം)- 1,27,07,104 /- രൂപ<br>2. പാർക്കിംഗ് സൗകര്യവും അമിനിറ്റി സെന്ററും - 55,00,000/- രൂപ<br>3. ബേക്കൽ കോട്ടയ്ക്കകത്തുള്ള ലൈറ്റ് ഹൗസിന്റെ സംരക്ഷണം - 30,00,000/- രൂപ<br>4. ഇലക്ട്രിക്കൽ സംവിധാനം (രണ്ടാം ഘട്ടം)- 57,50,260/- രൂപ |

**തുഷാരഗിരി**

തുഷാരഗിരിയിൽ സമഗ്രമായ ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിനായി 85.38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കാപ്പാട്**

കാപ്പാടിന്റെ ടൂറിസം വികസനത്തിനായി 64.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും അവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു.

കൂടാതെ, സുനാമി പദ്ധതിയിൽ കാപ്പാടിൽ 5.23 കോടി രൂപയുടെ പദ്ധതിയ്ക്കും ബേപ്പൂരിൽ 6.14 കോടി രൂപയുടെ പദ്ധതിയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

- മലബാർ മേഖലയിലെ കാസറഗോഡ് ജില്ലയിൽ 71,60,000/- രൂപ അടങ്കൽ വരുന്ന ഫ്ളോട്ടിംഗ് ജെട്ടികളുടെ നിർമ്മാണം ടി ജെട്ടികൾ കാസറഗോഡ് ജില്ലയിലെ കോട്ടപ്പുറത്ത് രണ്ടും, തൈക്കാട്ടുപുറം, അയിറ്റി, കാവായി, ഓരിക്കടവ്, എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലെ കൊറ്റിയിൽ ഓരോന്നും നടപ്പിലാക്കിയിട്ടുണ്ട്.
- വയനാട് ജില്ലയിൽ മേപ്പാടിയിൽ വഴിയോര കേന്ദ്രം - 9 ലക്ഷം രൂപ
- കാസർഗോഡ് ജില്ലയിൽ നീലേശ്വരത്ത് ഹൗസ് ബോട്ട് ടെർമിലിനിന്റെ നിർമ്മാണം - 1,25,00,000/-
- കോഴിക്കോട് ജില്ലയിൽ, ഇരിങ്ങലിൻ ജെട്ടി കോംപ്ലക്സിന്റെ നിർമ്മ ാണ ം-54,9724/-
- കണ്ണൂർ ജില്ലയിൽ അഴീക്കടലിൽ ജെട്ടി കോംപ്ലക്സിന്റെ നിർമ്മാണം - 40,00,000/-
- കാസർഗോഡ് ജില്ലയിൽ അയിറ്റി കടവിൽ ജെട്ടി കോംപ്ലക്സിന്റെ നിർമ്മാണം -3745698/-രൂപ
- കണ്ണൂർ ജില്ലയിലെ പറശ്ശിനികടവിൽ ഹൗസ് ബോട്ട് ടെർമിലിന്റെ നിർമ്മാണം - 1,20,00,000/-
- വയനാട് ജില്ലയിൽ തിരുനെല്ലിയിൽ പിൽഗ്രീം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം - 50,00,000/- രൂപ
- കണ്ണൂർ ജില്ലയിൽ പൈതൽ മലയിൽ ഇക്കോ ടൂറിസത്തിന്റെ വികസനം -50,00,000/-
- കോഴിക്കോട് ജില്ലയിൽ കാപ്പാട് ബീച്ചിന്റെ വികസനം - 1,50,00,000/- രൂപ
- മലപ്പുറം ജില്ലയിൽ നിലമ്പൂരിൽ ഇക്കോ ടൂറിസം വികസനം- 1,50,00,000/-

- വയനാട് ജില്ലയിൽ മുത്തങ്ങയിൽ ടൂറിസ്റ്റ് കോംപ്ലക്സിന്റെ നിർമ്മാണം - 1,46,58,000/-
- കണ്ണൂർ ജില്ലയിൽ പറശ്ശിനിക്കടവിൽ ടൂറിസ്റ്റ് കോംപ്ലക്സിന്റെ നിർമ്മാണം - 96,65,000/- രൂപ
- കണ്ണൂർ ജില്ലയിൽ പൈതൽ മലയിൽ ടൂറിസ്റ്റ് കോംപ്ലക്സിന്റെ നിർമ്മാണം - 1,72,00,000/-രൂപ
- കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് ബീച്ചിൽ അഡ്വഞ്ചർ സ്പോർട്സും, ബീച്ചിന്റെ വികസനവും - 2,45,00,000/- രൂപ
- കണ്ണൂർ ജില്ലയിൽ പയ്യാമ്പലം ബീച്ചിന്റെ വികസനം - 1,03,20,000/- രൂപ
- കണ്ണൂർ ജില്ലയിൽ മീൻ കുന്നു ബീച്ചിന്റെ വികസനം- 89,50,000/- രൂപ
- കണ്ണൂർ ജില്ലയിൽ, ധർമ്മടം ബീച്ചിന്റെയും മുഴപ്പിലങ്ങാട് ബീച്ചിന്റെയും വികസനം - 3,56,00,000/-രൂപ
- കണ്ണൂർ ജില്ലയിൽ ഹെറിറ്റേജ് സർക്യൂട്ടിന്റെ ഭാഗമായി തലശ്ശേരിയിലും, അതിന്റെ ചുറ്റുപാടിന്റെയും വികസനം - 4,29,60,000/- രൂപ

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *194. — 12.9.2007- ൽ മറുപടിയ്ക്ക്

നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ<br>പ്രൊഫ. എൻ. ജയരാജ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ)നെൽപ്പാടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം നടക്കാത്തതു മൂലം വ്യാപകമായി നെൽവയലുകൾ തരിശിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ)നെൽവയലുകൾ തരിശിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ബി)അടിസ്ഥാന സൗകര്യ വികസനത്തിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) നെൽപാടങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിന്റെ സഹായത്തോടെ 56 കോടിയുടെ 8 പദ്ധതികൾ തൃശൂർ, എറണാകുളം, ആലപ്പുഴ,കോട്ടയം,കൊല്ലം എന്നീ ജില്ല കളിലായി കഴിഞ്ഞ മൂന്നു വർഷങ്ങളായി കെ. എൽ. ഡി.സി വഴി നടപ്പാക്കിവരുന്നു. ആർ. ഐ. ഡി. എം പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള 10 കോടി വിഹിതത്തിൽ നിന്നും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫണ്ട് കണ്ടെത്തേണ്ടതാണെന്ന് വികസന ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ അടി സ്ഥാന സൗകര്യ വികസനത്തിനായി ഈ വർഷം 100 ലക്ഷം രൂപാ കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. 50 ലക്ഷം രൂപയുടെ അധികാനുമതിയ്ക്കായി പ്രപ്പോസൽ അയച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 195 — 12-09-2007-ൽ മറുപടിയ്ക്ക്

വയനാട്ടിലെ കർഷകരുടെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. എ.എം. യൂസഫ്<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വയനാട്ടിൽ കർഷകർ വീണ്ടും സ്വകാര്യ ബാങ്കുകളെ ആശ്രയിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം പരിശോധിക്കുമോ ; | എ) ഈ വിഷയം കർഷക കടാശ്വാസ കമ്മീഷൻ പരിശോധിച്ചു വരികയാണ്. |
| ബി) ഇവിടുത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് യഥാർത്ഥ വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | ബി) വയനാട് ജില്ലയിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് യഥാർത്ഥ വില ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. വയനാട്ടിലെ മുഖ്യവിളകളായ കാപ്പി, കുരുമുളക്, ഇഞ്ചി, അടയ്ക്ക, തേയില, എന്നിവയ്ക്ക് കഴിഞ്ഞ ഏതാനുവർഷത്തിലേറെയായി ഗണ്യമായ വിലയിടിവ് ഉണ്ടായിട്ടുണ്ട്. എന്നിട്ടും കേന്ദ്രത്തിന്റെ താങ്ങുവില സംഭരണ പദ്ധതിയിൽ ഈ വിളകളെയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ കേരള സർക്കാർ കഴിഞ്ഞ ചില വർഷങ്ങളിൽ കുരുമുളകിനും അടയ്ക്കക്കും പ്രഖ്യാപിത വിലയനുസരിച്ച് സംഭരണം നടത്തുകയുണ്ടായി. മേൽപ്പറഞ്ഞ വിളകളെ കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ഈ വിളകളെ വ്യാപാര കരാറുകളിലെ "സംരക്ഷിത പട്ടിക" യിൽ ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വയനാട്ടിലെ കർഷകരുടെ കാർഷിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ? | സി) | ഉണ്ട്.<br>i). വയനാട്, കാസർകോഡ്, പാലക്കാട്, എന്നിവിടങ്ങളിൽ ദുരിതം അനുഭവിക്കുന്ന കർഷക കുടുംബങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച 765.24 കോടി രൂപയുടെ പ്രത്യേക കാർഷിക പാക്കേജ് നടപ്പിലാക്കി വരുന്നു.<br>ii). വയനാട് ജില്ലയിലെ രൂക്ഷമായ കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് ആ ജില്ലയെ ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന് കേരള കർഷക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. ഈ ശുപാർശ സർക്കാർ അംഗീകരിക്കുകയും വയനാട് ജില്ലയെ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കടാശ്വാസ കമ്മീഷൻ സിറ്റിംഗുകൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.<br>iii). കൂടുതൽ കർഷക ആത്മഹത്യ നടന്നവയനാട്ടിലെ പുൽപ്പള്ളി, മുള്ളൻകൊല്ലി, പൂതാടി എന്നീ ഗ്രാമങ്ങളെ സംസ്ഥാന സർക്കാരും- കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് സംരക്ഷിത ഗ്രാമ പദ്ധതി പ്രകാരം പ്രത്യേക പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 196 12-09-07 -ൽ മറുപടിക്ക്.

# മയക്കു മരുന്നുകളുടെ ഉപയോഗവും വിപണനവും

| ചോദ്യം: | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ. സി.പി. മുഹമ്മദ് | | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗവും വിപണനവും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മുമ്പിൽ വ്യാപകമായി മയക്കുമരുന്ന് കച്ചവടം നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മയക്കുമരുന്നു മാഫിയയെ അടിച്ചമർത്തുന്നതിനും, മയക്കുമരുന്ന് വ്യാപനം തടയുന്നതിനും, കുറ്റക്കാരെ കർശനമായി ശിക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. 1985-ലെ എൻ.ഡി.പി.എസ്. ആക്ട് പ്രകാരം കേസുകൾ എടുക്കുകയും കൂടാതെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 197 | 12-09-2007- ൽ മറുപടിയ്ക്ക്

## വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| എ) കാർഷിക മേഖലയിൽ വിളകൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ അപര്യാപ്തമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) എങ്കിൽ ഇതിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) | സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 198 — 12-09-07 -ൽ മറുപടിക്ക്.

## ആവണീശ്വരം മദ്യദുരന്തം

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. കെ. ടി. ജലീൽ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഓണക്കാലത്ത് ആവണീശ്വരത്ത് മദ്യം കഴിച്ച് ആളുകൾ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഈ സംഭവത്തെക്കുറിച്ച് പോലീസും, എക്സൈസും കേസുകൾ രജിസ്റ്റർ ചെയ്ത് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |
| (ബി) മദ്യം കഴിച്ച് എത്ര പേരാണ് മരിച്ചത്; എത്ര പേരെ ആശുപത്രികളിൽ പ്രവേശിപ്പിച്ചു; | (ബി) മദ്യം കഴിച്ച് 2 പേർ മരണമടഞ്ഞു. 16 പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. |
| (സി) മദ്യത്തിൽ വിഷാംശം കലർന്നിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (സി) രാസപരിശോധനയിൽ വിഷാംശം കലർന്നതായി കണ്ടെത്തിയിട്ടില്ല. Chief Chemical Examiner's Laboratory - യിൽ നിന്നുള്ള റിപ്പോർട്ട് മേശപ്പുറത്തു വച്ചിട്ടുണ്ട്. Viscera പരിശോധനാ റിപ്പോർട്ട് ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട്. |
| (ഡി) മദ്യവിതരണത്തിന് ഉത്തരവാദിയായവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ; | (ഡി) പ്രതികളിൽ 2 പേരെ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്. മറ്റു പ്രതികളെ കണ്ടെത്താനുള്ള അന്വേഷണം നടക്കുന്നു. |
| (ഇ) സംഭവവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിലെ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഇ) എക്സൈസ് വകുപ്പിലെ 6 ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻറ് ചെയ്തിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ആഫീസർ

## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 199 — 12.9.07 ൽ മറുപടിയ്ക്ക്.

### ടൂറിസം വകുപ്പ് നടത്തുന്ന പരിശീലന പരിപാടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.പ്രകാശൻ മാസ്റ്റർ.<br>ശ്രീ. വി.ശിവൻകുട്ടി.<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു.<br>ശ്രീ. അൽഫോൺസ് കണ്ണന്താനം. | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ). | ടൂറിസം വകുപ്പിന്റെ കീഴിലുള്ള "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ സ്റ്റഡീസ്" ടൂറിസം മേഖലയ്ക്ക് ആവശ്യമായ മാനവശേഷി വികസനത്തിനായി പ്രത്യേക കോഴ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ടോ ; | (എ). | ടൂറിസം വകുപ്പിന്റെ കീഴിലുള്ള "കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ സ്റ്റഡീസ്" ടൂറിസം മേഖലയ്ക്ക് ആവശ്യമായ മാനവശേഷി വികസനത്തിനായി പ്രത്യേക കോഴ്സുകളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഗൈഡുകൾ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നതിന് കിറ്റ്സ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഗൈഡുകൾ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നതിന് കിറ്റ്സ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | സ്വകാര്യ സ്ഥാപനങ്ങൾ ടൂറിസം രംഗത്ത് നടത്തിവരുന്ന കോഴ്സുകളെ നിയന്ത്രിക്കാനും ഗുണനിലവാരം പരിശോധിക്കാനും സംവിധാനം ഏർപ്പെടുത്തുമോ; | (സി) | സ്വകാര്യ സ്ഥാപനങ്ങൾ ടൂറിസം രംഗത്ത് നടത്തിവരുന്ന കോഴ്സുകളെ നിയന്ത്രിക്കുന്നതിനും ഗുണനിലവാരം പരിശോധിക്കുന്നതോടൊപ്പം ഏകീകൃതമായ ഒരു പാഠ്യപദ്ധതിയും പരീക്ഷാസമ്പ്രദായവും നിലവിൽ വരുത്തുന്നതിനും വേണ്ടി "Board of Tourism Studies" രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) | ഈ രംഗത്ത് വിദഗ്ദ്ധസേവനം നൽകുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ ടൂറിസം വകുപ്പ് തയ്യാറാവുമോ ? | (ഡി) | ഈ രംഗത്ത് വിദഗ്ദ്ധസേവനം നൽകുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സംസ്ഥാന ടൂറിസം അവാർഡ് നൽകിവരുന്നുണ്ട്. |

Sarasvathik

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 200 — 12-09-2007-ന് വാങ്മൂലം മറുപടിയ്ക്ക്

## സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും<br>വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് സ്വകാര്യ ഡിറ്റക്ടീവ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെന്നും ഏതൊക്കെയെന്നും വ്യക്തമാക്കുമോ ; | എ) ഉണ്ട് ; 7 എണ്ണം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ജില്ല തിരിച്ചുള്ള പേരു വിവരം ചുവടെ ചേർക്കുന്നു.<br><br>I. തിരുവനന്തപുരം<br>1. ട്രാവൻകൂർ ഇൻവെസ്റ്റിഗേഷൻസ് ആന്റ് സെക്യൂരിറ്റി കേസ്സ്<br>2. സിക്സ്ത് സെൻസ്<br>II. കോട്ടയം<br>1. ഇന്റർ നാഷണൽ പ്രൈവറ്റ് ഡിറ്റക്ടീവ്സ്<br>2. പെന്റഗൺ സെക്യൂരിറ്റി ഡിറ്റക്ടീവ് സർവീസസ്<br>III. കൊച്ചി സിറ്റി<br>1. ഗ്ലോബ് ഡിറ്റക്ടീവ് ഏജൻസീസ് (പ്രൈവറ്റ്) ലിമിറ്റഡ്<br>2. സത്യം ഡിറ്റക്ടീവ് ഏജൻസീസ് (പ്രൈവറ്റ്) ലിമിറ്റഡ്<br>IV. കോഴിക്കോട് സിറ്റി<br>1. ക്രൈം ക്യയർ ഡിറ്റക്ടീവ് ഏജൻസി |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | ബി) | ഇവയ്ക്ക് ലൈസൻസ് നൽകുകയോ ; മാനദണ്ഡങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| സി) | പ്രസ്തുത ഏജൻസികളുടെ പ്രവർത്തനശൈലി , മേഖലകൾ എന്നിവ എന്താണെന്ന് വിശദമാക്കുമോ ? | സി) | ഇപ്പോൾ വിവരം ലഭ്യമല്ല |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 201 12/9/2007-ൽ മറുപടിക്ക്

### കേരള ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് വർക്കേഴ്സ് വെൽഫയർഫണ്ട് ബോർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി,<br>ശ്രീ. വി.ജെ.തങ്കപ്പൻ,<br>ശ്രീ. എ.എം. യൂസഫ്,<br>ശ്രീ. സാജു പോൾ,<br>ശ്രീ. ആർ.സെൽവരാജ്. | ശ്രീ. പി.കെ.ഗുരുദാസൻ<br>*(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)* |
| (എ) കേരള ഷോപ്പ് ആൻറ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേരള ഷോപ്പ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ്സ് തൊഴിലാളി ക്ഷേമനിധിബോർഡ് തിരുവനന്തപുരം ആസ്ഥാനമായി 01/5/2007 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ അഞ്ച് ജില്ലകളിൽ ജില്ലാ ഓഫീസ് ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ പ്രവർത്തനം കൊല്ലം ജില്ലാ ഓഫീസുമായും എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലെ പ്രവർത്തനം എറണാകുളം ജില്ലാ ഓഫീസുമായും തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ പ്രവർത്തനം തൃശ്ശൂർ ജില്ലാ ഓഫീസുമായും കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | കോഴിക്കോട് ജില്ലാ ഓഫീസുമായും കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പ്രവർത്തനം കണ്ണൂർ ജില്ലാ ഓഫീസുമായും ബന്ധിപ്പിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ചീഫ് ഓഫീസിലെ എക്സിക്യൂട്ടീവ് ഓഫീസർക്ക് (ആസ്ഥാനം) അധികച്ചുമതല നൽകി തിരുവനന്തപുരം ജില്ലാ ഓഫീസിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നി ജില്ലകളിൽ ജില്ലാ ഓഫീസറെ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഈ ജില്ലകളിൽ ഉടൻതന്നെ ഓഫീസ് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ വിഭാഗം തൊഴിലാളികളെയും ഉൾപ്പെടുത്തി ബോർഡ് വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമുള്ള തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തുന്നതാണ്. |
| (സി) | പുതുതായി ഏതെങ്കിലും വിഭാഗം തൊഴിലാളികൾ ക്ഷേമനിധിയിൽ ചേരാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ഔഷധമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, പവർലൂം തൊഴിലാളികൾ, ആയുർവേദ റെപ്രസെന്റേറ്റീവ്സ്, ഫോട്ടോ/ വീഡിയോ സ്റ്റുഡിയോകളിൽ ജോലി ചെയ്യാത്ത ഫ്രീലാന്റ് ഫോട്ടോഗ്രാഫർമാർ/വീഡിയോഗ്രാഫർ മാർ, സ്കൂളിൽ ജോലിചെയ്യുന്ന പാചക തൊഴിലാളികൾ എന്നി വിഭാഗം തൊഴിലാളികൾ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ചേരാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. |

(ഡി) ക്ഷേമനിധിയുടെ പ്രവർത്തനം ഊർജ്ജിതമാക്കുവാൻ നടപടി സ്വീകരിക്കുമോ?

കൊല്ലം, കണ്ണൂർ എന്നീ ജില്ലാ ഓഫീസുകൾക്ക് കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ കെട്ടിടം കണ്ടെത്തി പ്രവർത്തനം തുടങ്ങുവാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബോർഡിന്റെ പ്രവർത്തനം കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനായി കെൽട്രോണുമായി സഹകരിച്ച് നടപടികൾ പൂർത്തിയായി വരുന്നു. ബോർഡിന്റെ ഓട്ടോമേഷൻ പദ്ധതിയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടർ വൽക്കരിച്ച ആദ്യത്തെ ക്ഷേമനിധി ബോർഡായിരിക്കും ഇത്. അസിസ്റ്റന്റ് ലേബർ ഓഫീസർ വഴിയും, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർ മുഖേനയും ഏതാണ്ട് 25,000-ത്തിൽപരം ഫാറം വിതരണം ചെയ്യുകയും ആയതിന്റെ അടിസ്ഥാന ത്തിൽ പൂരിപ്പിച്ച അപേക്ഷ കൾ ലഭിക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ നൽകി ഐഡന്റിറ്റി കാർഡ് വിതരണം നടത്തി വരുന്നു. ഇതുവരെ 939 അപേക്ഷകൾ നടപടികൾ പൂർത്തീകരിച്ച് ഐഡന്റിറ്റി കാർഡ് വിതരണത്തിനായി തയ്യാറായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 202 — 12-09-2007- ൽ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോ ; ഇതിനകം എത്ര പരാതികളിന്മേൽ കമ്മീഷൻ തീരുമാനം എടുത്തു ; | എ) ഉണ്ട്. വയനാട്, ഇടുക്കി ജില്ലകളുടെ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ കഴിഞ്ഞ മാസം കമ്മീഷൻ സിറ്റിംഗ് നടത്തുകയും കർഷകരിൽ നിന്നും മറ്റ് ബന്ധപ്പെട്ടവരിൽ നിന്നും തെളിവുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട്, കണ്ണൂർ, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ തെളിവെടുപ്പിനായുള്ള സിറ്റിംഗുകൾ ഒക്ടോബർ മാസത്തിൽ നടത്തുവാൻ കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കടാശ്വാസത്തിനായുള്ള കർഷകരുടെ അപേക്ഷകൾ പരിഗണിച്ച് കടാശ്വാസം നിശ്ചയിക്കുന്നതിനുള്ള സിറ്റിംഗുകൾ കമ്മീഷൻ 4.09.07 ൽ വയനാട് സുൽത്താൻ ബത്തേരിയിൽ ആരംഭിച്ചിട്ടുണ്ട്. ഇത്തരം സിറ്റിംഗുകൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ വച്ച് നടത്തുന്നതിന് ഈ വർഷം ഡിസംബർ വരെയുള്ള തീയതികളും കമ്മീഷൻ നിശ്ചയിച്ച് കഴിഞ്ഞു. അതുപോലെ ജപ്തി ഭീഷണി നേരിടുന്ന കർഷകർക്ക് താൽക്കാല ആശ്വാസമെന്ന നിലയ്ക്ക് ജപ്തി നടപടികൾ സ്റ്റേ ചെയ്തുകൊണ്ടുള്ള ഇടക്കാല ഉത്തരവുകളും കമ്മീഷൻ പുറപ്പെടുവിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | തീരുമാന പ്രകാരമുള്ള ആനുകൂല്യങ്ങൾ എന്തെല്ലാം എന്നു വ്യക്തമാക്കുമോ ? | ബി) | കർഷകന്റെ ഒത്തു തീർപ്പിൽ എത്തിച്ചേർന്ന കടത്തുക 50,000 രൂപയോ അതിൽ കുറവോ ആണെങ്കിൽ എഴുപത്തിയഞ്ച് ശതമാനമോ, 50,000 രൂപയിൽ കൂടുതൽ ആണെങ്കിൽ അൻപത് ശതമാനമോ ഒരു ലക്ഷം രൂപയോ ഏതാണോ കുറവ് അത് കടാശ്വാസമായി നൽകാൻ 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 203 — 12-09-2007- ൽ മറുപടിയ്ക്ക്

## ഇ-കൃഷി ഏർപ്പെടുത്താൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. സി. ജോർജ് | | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) ഇ-കൃഷി എന്ന കാർഷിക സമ്പ്രദായം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ; | എ) | ഉണ്ട്. 2007 മാർച്ചിൽ മലപ്പുറം ജില്ലയിൽ ആരംഭിച്ചു. കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ കൂടി വ്യാപിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) ഇതുകൊണ്ട് കർഷകർക്കുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് ; | ബി) | കാർഷിക അറിവുകൾ സമഗ്രമായി കർഷകരിൽ വേഗത്തിലെത്തിക്കുന്നതിന് സാധിക്കുന്നു. ഉല്പന്നങ്ങളുടെ വിപണികളിൽ ഉള്ള വില കർഷകർക്ക് മനസ്സിലാക്കുന്നതിനും, വിൽപ്പന ലാഭകരമാക്കുന്നതിനും, കർഷകന് സഹായകരമായ അറിവുകൾ ഇ - കൃഷി പദ്ധതിയിലൂടെ ലഭ്യമാകുന്നുണ്ട്. കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ സംബന്ധിച്ച് പണചെലവില്ലാതെ തന്നെ പരസ്യം ചെയ്യാനും, കാർഷിക വിപണന സൗകര്യത്തിന്റെ അതാത് സമയങ്ങളിലുള്ള ലഭ്യത അറിയാനും സഹായിക്കുന്നു. |
| സി) സംസ്ഥാനത്ത് ഈ പദ്ധതിയ്ക്ക് നേതൃത്വം നൽകുന്നതിന് പ്രത്യേക ഏജൻസിയെ നിയമിച്ചിട്ടുണ്ടോ ; | സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇത് ഏത് ഏജൻസിയാണെന്നും ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ ; | (ഡി) | കേരളത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുകാരായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി- കേരള അക്ഷയ പദ്ധതി നടപ്പിലാക്കുന്ന വിദ്യാഭ്യാസ വകുപ്പ്, കേരള സംസ്ഥാന ഐ.റ്റി. മിഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാർട്ട് ഗവേണൻസ് ഹൈദരാബാദ് എന്നിവരുടെ സംയുക്ത സംരംഭമാണ് ഇ-കൃഷി പദ്ധതി. കൃഷി ആദായകരമാക്കുന്നതിനായി കൃഷിക്കാർ മുതൽ കാർഷികോല്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന വ്യാപാരികൾ വരെ ഒരു ശൃംഖലയായി പ്രവർത്തിക്കുന്നതിന് അവസരമൊരുക്കുന്നു. കാർഷിക വളർച്ചയുടെ നേട്ടം കച്ചവടശക്തികളുടെ കൈയിൽ നിന്നും കർഷകരുടെ കരങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് ഈ പദ്ധതിയ്ക്ക് സാധിക്കും. കർഷകർക്കും വ്യാപാരികൾക്കും അവരുടെ ഉല്പന്നങ്ങളുടെ പരസ്യം ചെയ്യുന്നതിനും, ശാസ്ത്രീയ കൃഷി രീതികൾക്കുള്ള പഠന പരിശീലന പരിപാടികളും ഉൾക്കൊള്ളുന്നതുമായ പോർട്ടൽ, സൗജന്യ കാൾ സെന്റർ മുഖാന്തിരം കാർഷിക വിപണനത്തിനുള്ള സൗകര്യം ശാസ്ത്രീയ കൃഷി രീതിയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്ന സി.ഡി. കൾ എന്നിവ ഇ-കൃഷിയിലൂടെ ലഭ്യമാക്കും |
| (ഇ) | ഇ-കൃഷി എന്ന കാർഷിക സമ്പ്രദായത്തിനായി പ്രത്യേക ഫണ്ട് നീക്കി വച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഇ) | കൃഷി വകുപ്പിൽ പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 204

12.9.2007 - ൽ മറുപടിക്ക്

## " പ്രൈവറ്റ് ബസ്സുകളുടെ മത്സര ഓട്ടം നിയന്ത്രിക്കാൻ നടപടി "

**ചോദ്യം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :

(എ)സംസ്ഥാനത്ത് പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിൽ പ്രൈവറ്റ് ബസ്സുകളുടെ നിയന്ത്രണം വിട്ട മത്സര ഓട്ടം മൂലം യാത്രക്കാർക്കും കാൽ നടക്കാർക്കും റോഡിൽ സഞ്ചരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാൻ പോലീസിന് നിർദ്ദേശം നൽകുമോ ;

(ബി)മത്സരിച്ചും നിയന്ത്രണംവിട്ടും കാൽ നട യാത്രക്കാരെ തട്ടിയിട്ടിട്ടോടുന്ന പ്രൈവറ്റ് ബസ്സ് ഡ്രൈവർമാരെ കൈയോടെ പിടികൂടി ശിക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
ആഭ്യന്തരവും വിനോദ
സഞ്ചാരവും വകുപ്പ് മന്ത്രി.

(എ) സംസ്ഥാനത്ത് പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിൽ പ്രൈവറ്റ് ബസ്സുകളുടെ മത്സര ഓട്ടം തടയുന്നതിന് ട്രാഫിക് സെക്ടർ എസ്. ഐ മാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അമിത വേഗത്തിൽ വാഹനമോടിക്കുന്ന ഡ്രൈവർമാർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും കൂടാതെ നിരന്തരം വാഹനങ്ങൾ പരിശോധിക്കുകയും ചെയ്ത് വരുന്നു. കാൽനടക്കാർക്കും മറ്റും റോഡിൽ സഞ്ചരിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാൻ പരമാവധി ശ്രദ്ധ ചെലുത്തി വരുന്നുണ്ട്. ഇതിനായി ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചു വരുന്നുണ്ട്.

(ബി)ട്രാഫിക് നിയമങ്ങൾ പാലിക്കാതെ, കാൽനട യാത്രക്കാർക്കും മറ്റും അപകടം സംഭവിക്കത്തക്കവിധത്തിൽ പ്രൈവറ്റ് ബസ് ഓടിക്കുന്ന ഡ്രൈവർമാർക്കെതിരെ നിലവിലുള്ള നിയമ പ്രകാരം കർശനമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 205 — 12-09-07 -ൽ മറുപടിക്ക്.

## ചാരായ നിരോധനം ജനകീയ സമിതികൾവഴി

ചോദ്യം:

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ. എൻ. അനിരുദ്ധൻ
ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീ. കെ. അജിത്
ശ്രീ. എ. കെ. ചന്ദ്രൻ

ഉത്തരം

ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) ചാരായ നിർമ്മാണം, വിപണനം, വിതരണം, അബ്കാരി കേസ്സുകൾ എന്നിവ നിയന്ത്രിക്കുന്നതിന് ജനകീയ സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിയോജകമണ്ഡലാടിസ്ഥാനത്തിലും പഞ്ചായത്ത് തലത്തിലുമായി എത്ര സമിതികൾ ഇതിനകം രൂപീകരിച്ചു;

(എ) ചാരായ നിർമ്മാണം, വിതരണം, വിപണനം, അബ്കാരി കേസ്സുകൾ എന്നിവ നിയന്ത്രിക്കുന്നതിന് ജനകീയ സമിതികൾ നിലവിൽ രൂപീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ 69-ഉം, പഞ്ചായത്ത് തലത്തിൽ 446-ഉം സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഈ സമിതികളിൽ അംഗങ്ങളായിരിക്കേണ്ടവർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിയോജകമണ്ഡലതല സമിതിയിൽ നിയമസഭാ സാമാജികൻ ചെയർമാനും എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കൺവീനറും കോർപ്പറേഷൻ മേയർ അല്ലെങ്കിൽ മുനിസിപ്പൽ ചെയർമാൻ, ബ്ലോക്ക് / ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ഡിസ്ട്രിക്ട്/ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, റവന്യൂ, പോലീസ്, ഫോറസ്റ്റ്, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ ജില്ലാതല/താലൂക്ക്തല ഉദ്യോഗസ്ഥർ, അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ സ്ഥലത്തെ പ്രതിനിധികൾ, രാഷ്ട്രീയ യുവജന സംഘടനകളുടെ പ്രതിനിധികൾ, കുടുംബശ്രീയും മറ്റ് വനിതാ സംഘടനകളും, മറ്റ് സർക്കാരിതര സംഘടനകളും, മദ്യവിരുദ്ധ സംഘടനകളുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

പഞ്ചായത്ത്തല സമിതിയിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ കൺവീനറും റവന്യൂ, പോലീസ്, ഫോറസ്റ്റ്, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, ഗ്രാമവികസനം എന്നീ വകുപ്പുകളുടെ പഞ്ചായത്ത്

തല ഉദ്യോഗസ്ഥർ, പഞ്ചായത്ത് തലത്തിലെ രാഷ്ട്രീയ പാർട്ടികളുടെയും രാഷ്ട്രീയ യുവജന സംഘടനകളുടെയും പ്രതിനിധികൾ, പഞ്ചായത്ത് തലത്തിലെ കുടുംബശ്രീയും മറ്റ് വനിതാ സംഘടന കളും അംഗങ്ങളുമാണ്.

| | |
|---|---|
| (സി) എല്ലാ പഞ്ചായത്തുകളിലും ഇത്തരം സമിതികൾ രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) എല്ലാ പഞ്ചായത്തുകളിലും ഇത്തരം സമിതികൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനോടകം 446 പഞ്ചായത്ത് തല സമിതികൾ രൂപീകരിച്ച് യോഗം ചേർന്നു കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം : 206 — 12.09.2007 ൽ മറുപടിക്ക്.

### ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ<br>ശ്രീ. എം. എം. മോനായി<br>ശ്രീ. ബി. രാഘവൻ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) പോലീസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്താനായി നിയമിച്ച ജസ്റ്റിസ് കെ. ടി. തോമസ് കമ്മീഷൻ എന്തെല്ലാം ശുപാർശകളാണ് നൽകിയത് ; | : (എ) പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇവയിൽ ഏതെല്ലാം ശുപാർശകൾ ഇതിനകം നടപ്പിലാക്കി ; | : (ബി) പാറാവു ഡ്യൂട്ടിയെ സംബന്ധിക്കുന്ന ശുപാർശ, റിസപ്ഷനിസ്റ്റായി വനിതാ കോൺസ്റ്റബിളിനെ നിയമിക്കണമെന്ന ശുപാർശ എന്നിവ പരീക്ഷണാർത്ഥം നടപ്പിലാക്കിവരുന്നു. കമ്മ്യൂണിറ്റി പോലീസിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.<br>കുറ്റാന്വേഷണവും ക്രമസമാധാനവും |

(Cntd..........2/-)

പരീക്ഷണാടിസ്ഥാനത്തിൽ വേർതിരിച്ചുകൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സിറ്റികളിൽ നടപ്പിലാക്കിയിട്ടുണ്ട്. പോലീസുകാരുടെ ജോലി സമയം എല്ലാ ജില്ലകളിലും രണ്ട് സ്റ്റേഷനുകളിൽ വീതം 8 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. സോണുകളിൽ എ.ഡി.ജി.പി. മാരെയും റെയിഞ്ചുകളിൽ ഐ.ജി.പി. മാരെയും നിയമിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ക്രിമിനൽ നടപടിക്രമങ്ങൾക്കും നിയമ ഭേദഗതി നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ ? | : (സി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## ജസ്റ്റിസ് കെ.ടി. തോമസ് കമ്മീഷന്റെ ശുപാർശ ളിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

1) പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും വ്യത്യസ്തമായി ഒരു സെലക്ഷൻ ഗ്രേഡ് ജില്ലാജഡ്ജിയുടെ നേതൃത്വത്തിൽ പോലീസ് ഇൻസ്പെക്ടർ ജനറലും ഒരു സിവിൽ ഉദ്യോഗസ്ഥനും അംഗങ്ങളായും ഒരു പൂർണ്ണ സമയ ഉദ്യോഗസ്ഥൻ സെക്രട്ടറിയുമായുള്ള ഒരു പ്രത്യേക റിക്രൂട്ടിംഗ് ബോർഡ് രൂപീകരിക്കേണ്ടതാണ്.

2) സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കു തെരഞ്ഞെടുക്കുന്നതിനുള്ള പ്രായപരിധി 25 വയസ്സായി കുറക്കേണ്ടതാണ്.

3) സബ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനത്തിനു പുരുഷൻമാരോടൊപ്പം സ്ത്രീകൾക്കും അവസരം നൽകേണ്ടതാണ്.

4) പോലീസ് കോൺസ്റ്റബിൾമാരുടെ വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു ആയി ഉയർത്തേണ്ടതാണ്.

5) പോലീസ് സേനയിലെ വിവിധ തസ്തികകളിലേയ്ക്ക് നീണ്ട ഇടവേളകൾക്കുശേഷം ഒന്നിച്ചു റിക്രൂട്ട്മെൻറ് നടത്തുന്നതിന് പകരം വർഷം വർഷം റിക്രൂട്ട്മെൻറ് നടത്തേണ്ടതാണ്.

6) ചെറുപ്പത്തിലേതന്നെ വിദ്യാർത്ഥികളെ കണ്ടെത്തി യോഗ്യരായവരെ പോലീസ് സേനയിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്തെ മൂന്നു കേന്ദ്രങ്ങളിലായി പോലീസ് കോളേജുകൾ തുടങ്ങാവുന്നതാണ്.

7) കേരള പോലീസ് അക്കാദമിയിൽ ആവശ്യമായ യോഗ്യതയുള്ള ഉദ്യോഗസ്ഥരെ ആയിരിക്കണം നിയമിക്കേണ്ടത്.

8) പോലീസ് ഉദ്യോഗസ്ഥർക്കു ക്രമമായി വകുപ്പുതല പരിശീലനം നൽകിയിരിക്കേണ്ടതാണ്.

9) പരിശീലനത്തിനുള്ള പാഠ്യപദ്ധതിയിൽ കാലാകാലങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തേണ്ടതാണ്.

10) പരിശീലകർക്കു ശമ്പളത്തിന്റെ 30 % അധിക അലവൻസായി

11) പരിശീലകർക്കുസ്ഥിര സേവന കാലാവധി നിശ്ചയിക്കുകയും ഒരു തസ്തിക മുകളിൽ പ്രമോഷൻ നൽകേണ്ടതുമാണ്.

12) പോലീസുകാരുടെ ജോലി സമയം. ഒരു ദിവസം 8 മണിക്കൂറായി കുറവു ചെയ്യാവുന്നതാണ്.

13) സ്ഥലംമാറ്റം സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ വളരെ വ്യക്തതയുള്ളതായിരിക്കണം.

14) പോലീസ് സേനയിലെ വിന്യസ്ത വിഭാഗങ്ങളിൽ ജോലി ചെയ്യേണ്ടതിനാൽ പോലീസ് ഓഫീസർമാർക്കുവേണ്ടി ഒരു കരിയർ പ്ലാനിംഗ് ഉണ്ടായിരിക്കേണ്ടതാണ്.

15) അടുത്ത തസ്തികയിലേയ്ക്കുള്ള പ്രമോഷനു മുമ്പായി എല്ലാ ഓഫീസർമാരെയും ഒരു സ്ക്രീനിംഗ് ടെസ്റ്റിനു വിധേയരാക്കേണ്ടതാണ്

16) കോൺസ്റ്റാബുലറിയിൽ നിന്നുമുള്ള ഒരു നിശ്ചിത എണ്ണം പ്രമോഷൻ തസ്തികയിൽ ഫാസ്റ്റ് ട്രാക്ക് രീതിയിൽ പ്രമോഷൻ നൽകുന്നതിനായി മാറ്റിവയ്ക്കേണ്ടതാണ്.

17) പോലീസ് സേനാംഗങ്ങളുടെ കുട്ടികളുടെ സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി എല്ലാ ജില്ലകളിലും പോലീസ് സ്കൂളുകൾ സ്ഥാപിക്കേണ്ടതാണ്.

18) പോലീസ് ഓഫീസർമാർക്ക് മെഡിക്കൽ ഗ്രൂപ്പ് ഇൻഷുറൻസ് പരിരക്ഷ നൽകേണ്ടതാണ്.

19) സ്വകാര്യ അന്യായത്തിലൂടെ പ്രോസിക്യൂഷൻ നടപടികൾക്കു വിധേയരാകുന്ന പോലീസ് ഓഫീസർമാർക്ക് നിയമസഹായം

ലഭ്യമാക്കുന്നതിനുവേണ്ടി ചെലവു ചെയ്ത തുക തിരികെ നൽകുന്നതിനുള്ള ഉദാരമായ ഒരു പദ്ധതിക്കു രൂപം നൽകേണ്ടതാണ്.

20) പോലീസ്‌സ്റ്റേഷനുകൾ, പരാതിക്കാരുടെ മനസ്സിൽ ഭീതി വിതയ്ക്കുന്നവയാകരുത്.

21) പോലീസ് സ്റ്റേഷനുകളുടെ മുമ്പിൽ ആയുധം ധരിച്ചു നിൽക്കുന്ന പാറാവുകാരനെമാറ്റി പകരം, പോലീസ്‌സ്റ്റേഷനുകളിൽ റിവോൾവർ ധരിച്ചുകൊണ്ട് എന്നാൽ ടി റിവോൾവർ പുറത്തുകാണിക്കാതെ നിൽക്കുന്ന പോലീസ് സേനാംഗത്തെ നിയോഗിക്കേണ്ടതാണ്.

22) പോലീസ് സ്റ്റേഷനിലെ സേനാംഗങ്ങളെ പോലീസ് സ്റ്റേഷനുവെളിയിൽ നിയോഗിക്കുമ്പോൾ ആവശ്യമുള്ള സന്ദർഭങ്ങളിൽ അവർക്കു ചെറുകിട ആയുധങ്ങൾ ധരിക്കാവുന്നതാണ്.

23) പോലീസ്‌സ്റ്റേഷനിൽ ഒരു വനിതാ പോലീസ് കോൺസ്റ്റബിൾ റിസപ്ഷനിസ്റ്റായി ജോലി ചെയ്യേണ്ടതാണ്.

24) എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു കമ്പ്യൂട്ടർ, ഒരു ഫാക്സ് ഒരു പ്രിൻറർ എന്നിവ നൽകേണ്ടതാണ്.

25) എല്ലാ പോലീസ് സ്റ്റേഷനുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കേണ്ടതാണ്.

26) ലോക്കപ്പുകൾ പോലീസ്‌സ്റ്റേഷനുകളിൽ നിന്നും വേർതിരിക്കേണ്ടതാണ്. എല്ലാ സബ്ഡിവിഷനുകളിലും കേന്ദ്രീകൃത ലോക്കപ്പ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. തടവുകാരെ അത്തരം കേന്ദ്രീകൃത ലോക്കപ്പുകളിൽ മാത്രമേ പാർപ്പിക്കാൻ പാടുള്ളൂ.

27) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും വേർതിരിക്കേണ്ടതാണ്.

28) പോലീസ്സ്റ്റേറ്റ്മെൻറിൽ സാക്ഷിക്കു ഒപ്പിടാൻ കഴിയുന്നതരത്തിൽ ക്രിമിനൽ നടപടി ക്രമത്തിലെ ( സി.ആർ.പി.സി.) 162 -ാം വകുപ്പു ഭേദഗതി ചെയ്യേണ്ടതാണ്.

29) ആംഡ് റിസർവ്വ് വിഭാഗത്തിൽ നിന്നും ലോക്കൽ പോലീസിലേയ്ക്കു സ്ഥലംമാറ്റപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്കു ലോക്കൽ പോലീസ് ജോലികൾ സംബന്ധിച്ച് പരിശീലനം നൽകേണ്ടതാണ്.

30) കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നതരത്തിൽ പരാതി അന്വേഷണ സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതാണ്.

31) ഹെഡ്കോൺസ്റ്റബിൾ ആകാൻ യോഗ്യത നേടിയ പോലീസുകാർക്കു കുറ്റാന്വേഷണം നടത്താവുന്നതാണ്.

22) ചെന്നൈ/ബാംഗ്ളൂർ/ഹൈദരാബാദ്/ മധുര/ തിരുനൽവേലി/ സേലം എന്നിവിടങ്ങളിലെ പോലീസ് കമ്മീഷ്ണർമാരിൽ നിക്ഷിപ്തമായിട്ടുള്ളതുപോലുള്ള അധികാരം, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ പോലീസ് കമ്മീഷ്ണർമാർക്കും നൽകേണ്ടതാണ്.

33) പോലീസ് കമ്മീഷ്ണർമാർക്ക് ആംസ് ആക്ട് പ്രകാരമുള്ള അധികാരം നൽകേണ്ടതാണ്.

34) ട്രഷറി ഗാർഡുകൾ ആവശ്യമില്ല.

35) വ്യക്തികളുടെ സുരക്ഷയ്ക്കുവേണ്ടി പോലീസുകാരെ വിവേചനരഹിതമായി ഉപയോഗിക്കുന്നതു ഒഴിവാക്കേണ്ടതാണ്.

-----

36) ആദ്യ തവണ സമൻസ് കോടതികൾ നേരിട്ടു തപാൽ മുഖേന നൽകേണ്ടതാണ്.

37) കേസുകൾ പോസ്റ്റ് ചെയ്യുന്ന എല്ലാ ദിവസങ്ങളിലും പതിവായി തടവുകാരെ ഹാജരാക്കുന്ന നിലവിലുള്ള സമ്പ്രദായത്തിൽ മാറ്റം വരുത്തിക്കൊണ്ടു തടവുകാർക്കു അകമ്പടി പോകുന്ന സമ്പ്രദായം പരിമിതപ്പെടുത്തേണ്ടതാണ്.

38) വിശിഷ്ട വ്യക്തികൾക്ക് അകമ്പടിപോകുന്ന പോലീസുകാരുടെ തോത് സർക്കാർ പുനപരിശോധിക്കേണ്ടതാണ്.

39) ആംഡ് റിസർവ് കേഡറിലുള്ള ഉദ്യോഗസ്ഥരെ ലോക്കൽ പോലീസ് കേഡറുമായി ലയിപ്പിക്കേണ്ടതാണ്

40) ഐ.ജി.പി. എ.ഡി.ജി.പി. തുടങ്ങിയ ഉദ്യോഗസ്ഥർക്കു അവരുടെ ജോലി സ്ഥാനത്തിനു അനുയോജ്യമല്ലാത്ത തരത്തിലുള്ള നിയമനം നൽകുന്ന രീതി ഒഴിവാക്കേണ്ടതാണ്.

41) സോണുകളിൽ എ.ഡി.ജി.പി. മാരെയും റെയിഞ്ചുകളിൽ ഐ.ജി. പി. മാരെയും, കമ്മീഷണർമാരായി ഡി.ഐ.ജി. മാരെയും നിയമിക്കേണ്ടതാണ്.

42) ക്രമസമാധാനപാലന വിഭാഗത്തില്ലാതെ ജോലിചെയ്യുന്ന പോലീസ് ഓഫീസർമാരുടെ ജോലി സംബന്ധിച്ച കാര്യങ്ങൾ പുനഃ പരിശോധിക്കേണ്ടതാണ്.

43) 50 വയസ്സിനു താഴെയുള്ള എല്ലാ പോലീസ് സേനാംഗങ്ങളും കംപ്യൂട്ടർ പരിജ്ഞാനം ആർജിച്ചിരിക്കേണ്ടതാണ്.

44) ഗതാഗത നിയമങ്ങൾ സംബന്ധിച്ച പാഠങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

45) തിളങ്ങുന്ന റോഡ് ഡിവൈഡറുകൾ എല്ലാ ഹൈവേകളിലും നിർമ്മിക്കേണ്ടതാണ്

46) ശരിയായ രീതിയിൽ രൂപകല്പനചെയ്തിട്ടുള്ള ഹെൽമറ്റുകൾ പ്രചരിപ്പിക്കേണ്ടതാണ്.

47) പോലീസ് പരിശീലനത്തിൽ ട്രാഫിക് ഒരു വിഷയമായിരിക്കണം.

48) പോലീസ് ട്രാഫിക് പരിശോധന നടത്തുമ്പോൾ ഒരേ സമയം വളരെ കൂടുതൽ എണ്ണം വാഹനങ്ങൾ തടഞ്ഞു നിർത്തുവാൻ പാടില്ല.

49) പരിശോധിക്കപ്പെട്ട ഡ്രൈവർമാരെ പോലീസ് വാഹനത്തിലേയ്ക്ക് പോകുവാൻ ആവശ്യപ്പെടരുത്

50) ട്രാഫിക് പരിഷ്കരണങ്ങൾ സംബന്ധിച്ചു ട്രാഫിക് അഡ്വൈസറി കമ്മറ്റിയുമായി പോലീസ് ചർച്ച നടത്തേണ്ടതാണ്.

51) എല്ലാ ജില്ലകളിലും സ്റ്റാറ്റ്യൂട്ടറി ട്രാഫിക് റെഗുലേറ്ററി അതോറിറ്റി തുടങ്ങേണ്ടതാണ്.

52) സബ് ഇൻസ്പെക്ടർമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളിൽ ട്രാഫിക് മാനേജ്മെൻറിലുള്ള വൈദഗ്ധ്യത്തെപ്പറ്റി പ്രതിപാദിച്ചിരിക്കേണ്ടതാണ്.

53) വിശിഷ്ട വ്യക്തികൾക്കുള്ള ചുവന്ന ലൈറ്റ് സമ്പ്രദായം നിർത്തലാക്കേണ്ടതാണ്.

54) അബ്കാരി സംബന്ധിച്ച കാര്യങ്ങളിൽ പോലീസിന്റെ പ്രവർത്തനങ്ങൾ വേണ്ടതില്ല.

55) പോലീസ് പരാതിപ്പെട്ടികൾ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ടി സ്ഥാപനത്തിന്റെ പ്രസിഡന്റ് തുറക്കുന്നതരത്തിലും കോളേജ്, സ്ക്കൂൾ എന്നിവിടങ്ങളിൽ പ്രിൻസിപ്പൽ / ഹെഡ്മാസ്റ്റർ എന്നിവർ തുറക്കുന്ന തരത്തിലും സ്ഥാപിക്കേണ്ടതാണ്.

56) പരാതിപ്പെട്ടിയിൽ നിന്ന് ലഭിയ്ക്കുന്ന ടി വ്യക്തകൾ തുറന്നതിൽ നിന്നും ലഭിച്ച പരാതികളിൻമേൽ ജില്ലാ പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി ഇതു സംബന്ധിച്ച സ്വീകരിച്ച നടപടി തദ്ദേശ സ്ഥാപനത്തിന്റെ പ്രസിഡന്റിനെ അറിയിക്കേണ്ടതുമാണ്.

57) സബ് ഡിവിഷൻ തലത്തിലുള്ള പോലീസ് അദാലത്തുകൾ കുറഞ്ഞതു 6 മാസത്തിലൊരിക്കലെങ്കിലും നടത്തിയിരിക്കേണ്ടതാണ്.

58) പോലീസ് സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവു നൽകുന്നതിലേക്കായി പോലീസ് സൂപ്രണ്ടുമാർ ഓരോ വർഷവും നടത്തിയ പോലീസ് പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിക്കേണ്ടതാണ്.

59) മാധ്യമങ്ങളുമായി സംവദിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡി.വൈ. എസ്.പി. റാങ്കിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനെ " പോലീസ് വ്യക്താവായി " നിയോഗിക്കേണ്ടതാണ്.

60) മുൻ ആഴ്ചയിൽ രജിസ്റ്റർ ചെയ്ത കേസുകൾ സംബന്ധിച്ച വിവരങ്ങൾ പോലീസ് ഓരോ ആഴ്ചയിലും പ്രസിദ്ധികരിക്കേണ്ടതാണ്.

61) കമ്മ്യൂണിറ്റി പോലീസിംഗ് സംബന്ധിച്ച ഒരു പദ്ധതി തയ്യാറാക്കി ആയതു പോലീസ് മാനുവലിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഡി.ജി.പി. ഒരു മുതിർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്.

62) ജില്ലാ ജഡ്ജിമാർ തയ്യാറാക്കുന്ന പാനലിൽ നിന്നായിരിക്കണം പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കേണ്ടത്.

63) അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ പോലീസ് സൂപ്രണ്ട് നിരീക്ഷിച്ചു പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനു റിപ്പോർട്ട് ചെയ്യേണ്ടതും പോലീസ് സൂപ്രണ്ടിന്റെ ഇക്കാര്യത്തിലുള്ള അഭിപ്രായം അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതുമാണ്.

64) കോടതി വെറുതെ വിടുന്ന എല്ലാ കേസുകളിലും, കേസു നടത്തിപ്പു സംബന്ധിച്ച വൈദഗ്ദ്ധ്യത്തെപ്പറ്റി ( Quantity of Procecution ) അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

65) ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ശാസ്ത്രജ്ഞരുടെ എണ്ണം 50 ആയി ഉയർത്തേണ്ടതാണ്.

66) രാസപരിശോധനാ റിപ്പോർട്ട് ആവശ്യമില്ലാത്ത കേസുകൾ 6 മാസത്തിനുള്ളിൽതന്നെ വേർതിരിച്ചറിയേണ്ടതാണ്.

67) വി.എ.സി.ബി.യുടെ തലവനായ ഉദ്യോഗസ്ഥനു ഡി.ജി.പിയ്ക്കു മുകളിലുള്ള പദവി നൽകേണ്ടതും അദ്ദേഹത്തിനു ഏതു വകുപ്പിൽ നിന്നും ആർജ്ജവമുള്ള പ്രഗത്ഭരായ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കാനുള്ള അധികാരം നൽകേണ്ടതുമാണ്.

68) വി.എ.സി.ബി.യ്ക്കു കേസന്വേഷണത്തിൽ സമ്പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കേണ്ടതുമാണ്.

69) പോലീസ് വകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി അവർക്കെതിരെ അന്വേഷണം നടത്തുന്നതിനുവേണ്ടി ഡി.ജി.പി. യുടെ കീഴിൽ ഒരു വിജിലൻസ് സെൽ രൂപീകരിക്കേണ്ടതാണ്

70) വരുമാനത്തിനനുസൃതമല്ലാതെ സമ്പാദിച്ചിട്ടുള്ള സ്വത്തുക്കൾ കണ്ടു കെട്ടുന്നതിനുവേണ്ടി നിയമം ഭേദഗതി ചെയ്യേണ്ടതാണ്.

71) പൊതുപ്രവർത്തകർ ബിനാമി സ്വത്തുക്കൾ കൈവശം വയ്ക്കുന്നതു തടയുന്നതിനുവേണ്ടി നിയമം ഭേദഗതി ചെയ്യേണ്ടതാണ്.

72) കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതി സർക്കാർ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പര്‍-207 12/9/2007-ല്‍ മറുപടിയ്ക്ക്.

## പരോള്‍ അനുവദിക്കുന്നതിനുള്ള നിബന്ധനകള്‍

ചോദ്യം

ശ്രീ. മോന്‍സ് ജോസഫ്:

ശ്രീ. വി.സുരേന്ദ്രന്‍പിള്ള:

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണന്‍:

(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ). ജയിലില്‍ കഴിയുന്നവര്‍ക്ക് പരോള്‍ അനുവദിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണെന്ന് അറിയിക്കുമോ; | (എ). യും (ബി) യും. അനുബന്ധമായി ചേര്‍ത്തിരിക്കുന്നു |
| (ബി). ഏതെല്ലാം അവസരങ്ങളിലാണ് പരോള്‍ ഇപ്പോള്‍ അനുവദിച്ചുവരുന്നത്; | |
| (സി). പരോള്‍ അനുവദിക്കുന്നതിന് പുതിയ മാനദണ്ഡം ആവിഷ്കരിക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ; | (സി). പരിശോധനയിലാണ്. |
| (ഡി). എങ്കില്‍ ഏത് അവസരങ്ങളിലാണ് പരോള്‍ അനുവദിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി). യും (ഇ) യും. നിലവിലുള്ള മാനദണ്ഡങ്ങള്‍ക്കുപുറമേ പേരക്കുട്ടികള്‍, ഭാര്യ, ഭര്‍ത്താവ് എന്നിവരുടെ മാതാപിതാക്കള്‍, അച്ഛന്റേയോ അമ്മയുടേയോ മാതാപിതാക്കള്‍ എന്നിവരുടെ മരണത്തിനും പേരക്കുട്ടികളുടെ വിവാഹത്തിനും പരോള്‍ അനുവദിക്കുന്ന കാര്യം ആലോചിച്ചുവരുന്നു. |
| ഇ. പുതിയ സംവിധാനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | |

സെക്ഷന്‍ ആഫീസര്‍.

<u>അനുബന്ധം</u>

<u>എയും. ബിയും.</u>

തടവുകാർക്ക് സാധാരണ അവധി, അടിയന്തിര അവധി, ഹോം ലീവ്, എന്നിങ്ങനെ മൂന്നു തരം അവധികളാണ് നൽകിവരുന്നത്. കേരള ജയിൽ ചട്ടം 452 ബി പ്രകാരം ഒരു വർഷവും അതിനുമേലും ശിക്ഷിക്കപ്പെട്ടിട്ടുള്ളവരും, ശിക്ഷയുടെ മൂന്നിലൊന്നോ, 2 വർഷമോ ഏതാണ് കുറവ് അത്രയും കാലം ശിക്ഷയനുഭവിച്ചിട്ടുള്ളവരും നല്ലസ്വഭാവികളുമായ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റേയും ജില്ലാ പ്രൊബേഷൻ ആഫീസറുടേയും അനുകൂലമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 6 മാസം കൂടുമ്പോൾ 30 ദിവസംവരെ സാധാരണ അവധി അനുവദിച്ചുവരുന്നു. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഒരു വർഷം ശിക്ഷ പൂർത്തിയാക്കിയ തടവുകാർക്ക് ബന്ധപ്പെട്ട ജില്ലാ പ്രൊബേഷൻ ആഫീസറുടെ അനുകൂല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 15 ദിവസം ഹോം ലീവും അനുവദിക്കുന്നു. സാധാരണ അവധിയുടേയും ഹോം ലീവിന്റേയും അപേക്ഷ ജയിൽ സൂപ്രണ്ട് മുഖാന്തിരം ജയിൽ ഇൻസ് പെക്ടർ ജനറലിന് സമർപ്പിക്കുകയും ജയിൽ ഇൻസ് പെക്ടർ ജനറൽ അവധി അനുവദിക്കുകയും ചെയ്യുന്നു.

കെ.പി.ആർ 454, 455 പ്രകാരം ഉറ്റ ബന്ധുക്കളും, അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ, മകൾ, ഭാര്യ, ഭർത്താവ് , മരുമക്കത്തായ കുടുംബങ്ങളിൽ അമ്മാവൻ എന്നിവരുടെ ഗുരുതരമായ രോഗാവസ്ഥയിലോ, മരണത്തിലോ മക്കളുടെ വിവാഹത്തിനോ പ്രകൃതി ക്ഷോഭം മൂലം വീട് ഭാഗികമായോ പൂർണ്ണമായോ നശിക്കുന്ന സാഹചര്യത്തിലോ അടിയന്തിരാവധി അനുവദിക്കാവുന്നതാണ്. അടിയന്തിരാവധിക്കുള്ള അപേക്ഷയോടൊപ്പം അപേക്ഷയിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളെ സംബന്ധിക്കുന്ന സ്ഥലം തഹസിൽദാരുടേയോ മജിസ്ട്രേറ്റിന്റേയോ ഒരു സീനിയർ മെഡിക്കൽ ആഫീസറുടേയോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അടിയന്തിരാവധിക്കുള്ള അപേക്ഷ ജയിൽ സൂപ്രണ്ടിനാണ് സമർപ്പിക്കേണ്ടത് . അടിയന്തിരാവധി പരമാവധി 7 ദിവസം വരെ ജയിൽ സൂപ്രണ്ടിനും , 10 ദിവസം വരെ (സൂപ്രണ്ട് അനുവദിച്ച 7 ദിവസം ഉൾപ്പെടെ) ജയിൽ ഇൻസ് പെക്ടർ ജനറലിനും ഒറ്റ പ്രാവശ്യം 15 ദിവസം എന്ന കണക്കിൽ പരമാവധി 45 ദിവസം വരെ സർക്കാരിനും അനുവദിക്കാൻ അധികാരമുണ്ട്.

കെ.പി.ആർ 454, 455 പ്രകാരം ഉറ്റ ബന്ധുക്കളും, അച്ഛൻ, അമ്മ, സഹോദരി, സഹോദരൻ, മകൾ, ഭാര്യ, ഭർത്താവ് , മരുമക്കത്തായ കുടുംബങ്ങളിൽ അമ്മാവൻ എന്നിവരുടെ ഗുരുതരമായ രോഗാവസ്ഥയിലോ, മരണത്തിലോ മക്കളുടെ വിവാഹത്തിനോ പ്രകൃതി ക്ഷോഭം മൂലം വീട് ഭാഗികമായോ പൂർണ്ണമായോ നശിക്കുന്ന സാഹചര്യത്തിലോ അടിയന്തിരാവധി അനുവദിക്കുന്നു.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. *208.

12.9.2007- ൽ മറുപടിയ്ക്ക്

## നെല്ല് ഉല്പാദന ചെലവ് കുറയ്ക്കുന്ന സാങ്കേതിക വിദ്യ.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ.കെ. അജിത്<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.കെ.രാജു<br>ശ്രീ. പി . തിലോത്തമൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) നെല്ല് ഉല്പാദന ചെലവ് പകുതിയായി കുറയ്ക്കുന്ന പുതിയ സാങ്കേതിക വിദ്യ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടത്തി ഇതിന്റെ ഫലപ്രാപ്തി ഉറപ്പുവരുത്തിയിട്ടുണ്ടോ; | (ബി) പട്ടാമ്പി മേഖലാ പ്രാദേശിക ഗവേഷണ കേന്ദ്രത്തിൽ പഠനം നടത്തി ഫലപ്രാപ്തി ഉറപ്പു വരുത്തിയിട്ടുണ്ട് |
| (സി) ഈ സാങ്കേതിക വിദ്യ സംസ്ഥാനത്ത് വ്യാപകമായി നടപ്പിലാക്കുന്നതിന് കൃഷി വകുപ്പിന് ഏതെങ്കിലും പദ്ധതിയുണ്ടോ ? | (സി) നെൽകൃഷി വികസനത്തിന് "കേരളശ്രീ" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നെൽകൃഷിക്ക് പ്രകൃത്യാ തന്നെ സാദ്ധ്യതയുള്ളതും നെൽകൃഷി വികസന ഏജൻസികളുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടതുമായ നെൽകൃഷി മേഖലയിൽ ഗ്രൂപ്പ് |

ഫാമിംഗ് പദ്ധതി നടപ്പാക്കുവാനും പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിലെ നെൽ കൃഷി മേഖലകളെ "സംരക്ഷിത മേഖല"കളായി പ്രഖ്യാപിക്കുവാനും ഈ മേഖലയിലെ നെൽ കർഷകർക്ക് "ഗ്രീൻകാർഡ്" ഏർപ്പെടുത്തി പലിശരഹിത വായ്പ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഹെക്ടറിന് 1500 രൂപ ധനസഹായം നൽകിക്കൊണ്ട് 40000 ഹെക്ടറിൽ നെൽകൃഷി മേഖലയിൽ ഗ്രൂപ്പ്ഫാമിംഗ് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത ഈ സാങ്കേതികവിദ്യ ഈ പദ്ധതിയിൽ പ്രയോജനപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 209. 12.09.2007 ൽ മറുപടിയ്ക്ക്

**അടിയന്തിര സാഹചര്യങ്ങളെ നേരിടുവാനുള്ള പോലീസ് സേനയുടെ സംവിധാനം**

**ചോദ്യം**

ശ്രീ. വർക്കല കഹാർ
ശ്രീ. ജോർജ്ജ് മേഴ്സിയർ

**ഉത്തരം**

ശ്രീ . കോടിയേരി ബാലകൃഷ്ണൻ
ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി.

എ) അടുത്ത ദിവസം ഹൈദ്രാബാദിലുണ്ടായ സ്ഫോടനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തും ജാഗ്രത പാലിക്കുവാൻ കേന്ദ്ര ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായോ;

എ) കേന്ദ്ര ഇന്റലിജൻസിൽ (ഡയറക്ടർ ISH, M.H.A, New Delhi) നിന്നും ഫാക്സ് സന്ദേശം കിട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ എസ്.പി./ സി.പി. മാർക്കും മറ്റ് സീനിയർ പോലീസ് ഓഫീസർമാർക്കും പ്രത്യേക നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബി) എങ്കിൽ സംസ്ഥാനത്ത് ടൂറിസം വാരാഘോഷവും ഓണാഘോഷവും നടന്ന പ്രസ്തുത ദിവസങ്ങളിൽ എന്തൊക്കെ മുൻകരുതലുകളാണ് പോലിസിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ;

ബി) സംസ്ഥാനത്ത് ടൂറിസംവാരാഘോഷവും ഓണാഘോഷവും സംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി ക്രമസമാധാന ലംഘനമോ, ഭീകര വിധ്വംസക പ്രവർത്തനമോ ഉണ്ടാകാതിരിക്കാൻ സാമൂഹ്യ വിരുദ്ധർ കേന്ദ്രീകരിക്കാവുന്ന സ്ഥലങ്ങളിൽ റെയ്ഡുകൾ നടത്തിയും, മുൻശിക്ഷക്കാരെ നോട്ടത്തിൽ വെച്ചും, സംശയമുള്ളവരെയും, അപരിചിതരെയും, അന്യ സംസ്ഥാനക്കാരെയും (സംശയകരമായികാണുന്ന) ചോദ്യം ചെയ്ത് അവരുടെ യാത്രോദ്ദേശ്യം മനസ്സിലാക്കിയും പൊതുജനങ്ങൾ കൂടുതൽ ഒരുമിച്ചാവുന്ന സ്ഥലങ്ങളിലും പ്രധാന റെയി

ൽവേ സ്റ്റേഷൻ, ബസ്സ്റ്റാന്റ് തുടങ്ങിയ സ്ഥലങ്ങളിലും ഡോഗ് സ്ക്വാഡിന്റെ സേവനം വിനിയോഗിച്ചും എല്ലാ വേദികളിലും മുൻകരുതൽ എന്ന നിലയിൽ ആന്റി സബോട്ടേജ് പരിശോധന നടത്തിയും, കൂടാതെ പ്രധാന കവലകളിലും, തിരക്കേറിയ വിപണനകേന്ദ്രങ്ങളിലും ക്ഷേത്രങ്ങളിലും മഫ്റ്റി പോലീസിനെ വിന്യസിച്ചും വാഹന പരിശോധന നടത്തിയും നടപടികൾ കൈക്കൊണ്ടിരുന്നു.

| | |
|---|---|
| സി) പ്രസ്തുത ജാഗ്രതാ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തലസ്ഥാന നഗരിയുൾപ്പെടെ സംസ്ഥാനത്തിന്റെ സുരക്ഷാ കാര്യങ്ങൾക്ക് ഉന്നത ഉദ്യോഗസ്ഥന്മാരടങ്ങുന്ന പ്രത്യേക സംഘങ്ങളെ നിയമിക്കുകയുണ്ടായോ; | സി) ഉണ്ടായി. |
| ഡി) ഡി.ജി.പി. യുൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ തലസ്ഥാനത്ത് ക്യാമ്പുചെയ്ത് ഏതു സാഹചര്യത്തേയും നേരിടാൻ വേണ്ട നിർദ്ദേശങ്ങൾ നല്കാൻ സന്നദ്ധമായിരുന്നോ? | ഡി) അഡീഷണൽ ഡി.ജി.പി.യുടെ പ്രത്യേക മേൽനോട്ടത്തിൽ തലസ്ഥാനത്ത് ഉന്നത ഉദ്യോഗസ്ഥന്മാർ ക്യാമ്പ് ചെയ്തുകൊണ്ടു തന്നെ ഏത് അടിയന്തിര സാഹചര്യത്തേയും നേരിടുവാനും വേണ്ട നടപടികൾ കൈക്കൊള്ളുവാനും ജാഗരൂകവും സന്നദ്ധവും ആയിരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 210

12.09.2007 -ൽ മറുപടിയ്ക്ക്

## നാളികേര കൃഷി വികസനത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. സുരേന്ദ്രൻ പിള്ള<br>ശ്രീ. മോൻസ് ജോസഫ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര കൃഷി വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) നാളികേര കൃഷി വികസനത്തിനായി കേരശ്രീ എന്ന ഒരു സമഗ്ര നാളികേര വികസന പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കി വരുന്നു. കേരശ്രീ പദ്ധതി പ്രകാരം 25-50 ഹെക്ടർ സ്ഥലത്തായി ഗ്രൂപ്പുകൾ രൂപീകരിച്ചാണ് കേരവികസന പ്രവർത്തനങ്ങൾ നടപ്പിൽവരുത്തുന്നത്. സംയോജിത വളപ്രയോഗത്തിനും ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നതിനും, ജൈവവളവിത്ത് വിതരണത്തിനും, ജൈവ കീട നിയന്ത്രണം, ഇടവിളയായി പച്ചക്കറി, വാഴ മുതലായവ കൃഷി ചെയ്യുന്നതിനായി ഒരു ഹെക്ടറിന് 5000 രൂപ എന്ന നിരക്കിൽ നൽകുന്നതാണ്. പ്രസ്തുത സംസ്ഥാന പദ്ധതി പ്രകാരം ഈ വർഷം 9.05 കോടി രൂപ ചെലവാക്കാൻ കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിരിക്കുന്നു.<br><br>നാളികേര വികസന ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുക, ജൈവവള |

ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കൽ, സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുക തുടങ്ങിയ ഘടകങ്ങൾ ഈ വർഷം നടപ്പിലാക്കുന്നതാണ്. ഈ പദ്ധതി പ്രകാരം ഈ വർഷം 9.65 കോടി രൂപ ചെലവഴിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

ബി) തെങ്ങിൻതോപ്പുകളുടെ പുനരുദ്ധാരണത്തിന് പഴയ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

ബി) തെങ്ങു കൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ എന്ന നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ 250 രൂപ ധനസഹായം നൽകി വെട്ടിമാറ്റുന്നതാണ്. 2007-08 ൽ 25,000 രോഗബാധയുള്ള തെങ്ങുകൾ വെട്ടിമാറ്റുന്നതാണ്. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. തെങ്ങ് കൃഷി പുനരുദ്ധാരണം, സങ്കരയിനം തെങ്ങുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക തുടങ്ങിയവ ഉൾപ്പെടുത്തി 40,600 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി പുനരുദ്ധരിക്കുന്നതിനുള്ള നാളികേര വികസന ബോർഡിന്റെ പദ്ധതി കേന്ദ്ര അംഗീകാരം ലഭിക്കുന്നമുറയ്ക്ക് നടപ്പാക്കുന്നതാണ്.

സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിനോട് സഹായഭ്യർത്ഥന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

സി) പ്രായാധിക്യം, രോഗബാധ എന്നിവമൂലം ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി തെങ്ങ് കൃഷി പുനരുദ്ധാരണം, സങ്കരയിനം തെങ്ങുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക, ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക തുടങ്ങിയ

ഘടകങ്ങൾ ഉൾപ്പെടുത്തി 456000 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി പുനരുദ്ധരിക്കുന്നതിന് 6320.34 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി നാളികേര വികസന ബോർഡ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 406000 ഹെക്ടർ സ്ഥലത്തെ തെങ്ങ് കൃഷി പുനരുദ്ധാരണം ലക്ഷ്യമിട്ടിരിക്കുന്നത് കേരളത്തിലാണ്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാർതലത്തിൽ ലഭിക്കുമെന്ന പ്രതീക്ഷയുണ്ട്.

നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾക്കായി 9.65 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള അനുമതി ലഭിച്ചുകഴിഞ്ഞു.

(ഡി) ഇതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

ഡി) നാളികേര വികസന ബോർഡ് പദ്ധതി പ്രകാരം കാറ്റുവീഴ്ച രോഗം ബാധിച്ച് തെങ്ങുകൾ വെട്ടിമാറ്റുന്നതിനായി സർവ്വെ നടത്തുന്നതിനും ജൈവവള ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും ഉള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള വിവിധ ഘടകങ്ങളുടെ നടത്തിപ്പിനുള്ള നടപടിക്രമങ്ങളും പൂർത്തിയായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ